

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 12 No. 4 Newsletter April 2014



# Church News

## യാത്രാമംഗളങ്ങൾ



നമ്മുടെ സഭയിൽ 5 വർഷത്തെ അനുഗ്രഹീതമായ ശുശ്രൂഷ പൂർത്തിയാക്കിയ സഹനമച്ചനും സിബി കൊച്ചമ്മയ്ക്കും യാത്രാമംഗളങ്ങൾ

*- സഭാകമ്മിറ്റി.*

## അഭിനന്ദനങ്ങൾ



ഡോ. സാംസൺ നേശയ്യായെ തിരുവനന്തപുരം ഓർത്തോപീഡിക് സൊസൈറ്റി അവരുടെ ഒരു 'Lode-star' ആയി വിശേഷിപ്പിക്കുകയും, കേരള ഓർത്തോപീഡിക് സൊസൈറ്റി 2014-ൽ ഓണററി ഫെല്ലോഷിപ്പ് നൽകി ആദരിക്കുകയും ചെയ്തു. നമ്മുടെ മുൻ സഭാസെക്രട്ടറിയും കാരക്കോണം ഡോ. എസ്.എം. സി.എസ്.ഐ മെഡിക്കൽ കോളേജ് പ്രിൻസിപ്പളുമാണ്.

**ഗാനശുശ്രൂഷ :** ചർച്ച് ക്വയറിന്റെ ആഭിമുഖ്യത്തിൽ മാർച്ച് രണ്ടാം തീയതി ഞായറാഴ്ച ഉറിയാക്കോട് സി.എസ്.ഐ സഭയിൽവെച്ച് ഗാനശുശ്രൂഷ നടക്കുകയുണ്ടായി. റവ. സി.ആർ.വിൻസെന്റ് സന്ദേശം നൽകി.

**മെൻസ് ഫെല്ലോഷിപ്പ് :** ഫെബ്രുവരി മാസം 23-ാം തീയതി ഞായറാഴ്ച നമ്മുടെ സഭയിൽ മെൻസ് ഫെല്ലോഷിപ്പ് പ്രവർത്തനമാരംഭിച്ചു. ഡോ. ആർ. എൽ.രാഗ് ഉദ്ഘാടനം നിർവ്വഹിച്ചു. 35 വയസ്സിന് മേൽ പ്രായമുള്ള പുരുഷന്മാർക്ക് ഇതിൽ അംഗങ്ങളായി പ്രവർത്തിക്കാവുന്നതാണ്. എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും ഞായറാഴ്ചകളിൽ വൈകുന്നേരം ആറ് മണിക്ക് യോഗം നടക്കുന്നതാണ്.

**വി.ബി.എസ് 2014 :** ഈ വർഷത്തെ വി.ബി.എസ് മാർച്ച് 31 മുതൽ ഏപ്രിൽ 12 വരെ നമ്മുടെ സഭയിൽവെച്ച് നടക്കുന്നതാണ്. 'നാം ജീവനുള്ള കല്ലുകൾ' എന്നതാണ് ചിന്താവിഷയം. 3 വയസ്സ് മുതൽ 20 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്. മലയാളത്തിലും ഇംഗ്ലീഷിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. രാവിലെ 8.30 മുതൽ 12.30 വരെയാണ് ക്ലാസ്സുകൾ. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഈ വർഷത്തെ വി.ബി.എസ്സിന് നമ്മുടെ സഭാശുശ്രൂഷകർക്ക് പുറമേ ശ്രീ. പി.യു. തങ്കച്ചൻ & ടീം (ചൈൽഡ് ഇവാഞ്ചലിസം ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യ) നേതൃത്വം നൽകുന്നതാണ്.

## പ്രത്യേക അറിയിപ്പ്

മഹായിടവക നിർദ്ദേശപ്രകാരം 2014 ഏപ്രിൽ മാസം മുതൽ സംഘകാണിക്ക ഇനത്തിൽ മാസവരിസംഖ്യയായി ഓരോ തിരുസഭാംഗവും 20 രൂപയിൽ കുറയാതെ നൽകേണ്ടതാണ്. സംഘകാണിക്ക കവറും ചർച്ച് വോയിസും **എല്ലാ മാസവും** 5-ാം തീയതിക്ക് മുമ്പായി എല്ലാ ഭവനങ്ങളിലും കൃത്യമായി എത്തിക്കുന്നതാണ്. ഇവ ലഭിക്കാത്തവർ ആ വിവരം ഉടൻ തന്നെ ചർച്ച് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫോൺ: **2311347.**

ഓഫീസ് സമയം: രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ.

**- സഭാ കമ്മിറ്റി**

# CHURCH VOICE

12th year of publication

APRIL 2014



**Chief Editor**

Rev. C.R. Vincent

**Editor**

R. Sajan Samson

**Editorial Board**

Rev. Dr. L.E. Sahanam
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas



**Address:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C. R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

## *From the Presbyter's desk*



Theme of the year:

**Pastoral Ministry in the Urban context**

'Enable the Congregation to bear witness'.

Dearly beloved ones in Christ

I am greatly delighted in greeting you in the name of our Lord and Saviour Jesus Christ.

**Golden verse of the month:**

'The Lord is not slack concerning His promise as some men count slackness, but is long suffering to us - ward, not willing that any should perish, but that all should come to repentance'. (2 Pet.3:9).

**സ്വർണ്ണ വാക്യം:**

'ചിലർ താമസം എന്ന് വിചാരിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ച് പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘ ക്ഷമ കാണിക്കുന്നതേയുള്ളൂ.' (2 പത്രോ.3:9).

'God is faithful' is a statement of St. Paul. Christian stewardship is always intertwined with the faithfulness of God towards his people. The parable of Jesus Christ talks about stewardship. It is a story of rich master entrusting his property to his servants. There are various kinds of talents (abilities as gifts of God). No one is created without some gifts. God gives us opportunity to express our stewardship. Always there is sufficient space for human effort through which we can enrich and build up our God given talent. God gives us ability to take decision in view of the responsibilities given to us. This gives us the chance to prove our faithfulness on stewarship.

There is a day for evaluating our work when the Lord returns. The faithful servant will receive his rewards in accordance with his/her faithfulness. The reward is to have life-eternal in entering the joy of the Lord in Heaven. Each and everyone of us get reward in the kingdom of God where everybody is blessed equally in God's love and joy. The common question we hear is: 'What can I do? with this much money/resources?' This is a devilish whisper in humans ears. Usually we blame God or criticise others to escape from the responsibility. Friends, we can work and pray for better results with our God given talents and stand before God as faithful servants (1 Cori.10:13).

Lent is a season to refresh us in faith and commitment to Christ. Therefore, 'take up the cross of suffering denying oneself.' God will accept our faithful efforts, when He comes and receive our accounts. 'Well done - good, excellent' are His comments on our work. Will you be able to hear

this satisfactory words from our Saviour? Repentance, faith in God's calling and commitment are necessary for the reward. Eventhough God is awaiting all of us with the rewards, only the faithful ones will be able to receive the same. St. Peter writes that Christ is coming soon but He is waiting for our readiness. Are you ready to receive Him?

The second Epistle of Peter differs slightly from the first one in language and style, in terms of the subject matter. Even though the second chapter bears resemblance to the Epistle of Jude, it does not invalidate the petrine authorship. II Peter was written shortly before Peter's death in about 58 AD. The purpose of this Epistle was to address the false teachings which are prevalent among the believers against the promises of Christ. This letter can be classified as follows for the sake of study.

1. Power of Christ and Spiritual growth (Ch-1:1-21)
2. Preservation by Christ and end of the false teachers (Ch-2:1-22)
3. Prediction concerning Christ's return and new heavens and new earth (Ch-3:1-18)

It was Peter who made the great confession. 'Thou art the Christ, the son of the living God.' And in reply Christ declared, 'Thou art Peter, and upon this rock I build my Church.' This great Apostle who served his divine master, so zealously for His sake died a martyr's death. According to the tradition he suffered, crucifixion with his head downward as an expression of his sorrow and humility for having denied His Lord just before His death. Let the power of the Holy spirit enable us to lead a faithful life and to prepare others towards 'His Second Coming'

There are a few things to remember and thanks to God for this month.

**VBS:** Our VBS starts from 31st March and ends on 12th April. The theme for this year is 'We are the living stones'. Let us prayerfully send our children to the Vacation Bible School. This will help them to dedicate their lives to the Lord and Saviour Jesus Christ. Through the activities of VBS, the God given talents of our children will be enriched and will be a blessing to their life.

**Palm Sunday:** On Sunday,13th April, we observe as Palm Sunday, to commemorate the triumphal entry of Jesus into Jerusalem before His passion and resurrection. This Sunday is traditionally called Palm Sunday. It is also called 'Peace Sunday'. The Prince of Peace, the coming ruler of God's people brings peace to the world.

**Passion week and self denial offerings:** This is the time to examine our lives. This year the passion week starts from April 14th to 20th. The meditations are being led by various persons which would be a great

opportunity to examine us in the light of God's intervention in our lives.

I know that we are observing some form of self denial. Many of us are observing the lent with 'Fasting and Prayer' to renew our commitment to Jesus Christ. May Lord help us to deny our 'self' and trust in the Lord and rededicate our lives to the will of God. Our self denial offerings, which are separated for the glory of God may be offered in the Good Friday services in view of our total surrender and submission to Him.

**St. Mark's Day:** 25th April is the death anniversary of St. Mark, who died in 68 AD. This day we remember St. Mark, the Evangelist, the author of the Gospel. He was a disciple and apostle of Jesus Christ and became the interpreter of Simon Peter. He is considered as the founder of Christianity in Africa.

**Ringel Taube - Vedamanikyam Day:** Vedamanikyam, the converted Christian from saivism invited Ringel Taube to Mylady. Hence Ringel Taube came to Mylady on 25th April, 1806 and that is considered to be the beginning of South Travancore Mission of LMS.

**Monthly Sangam Subscription:** All are expected to clear their Sangam arrears by March 31st. Kindly remember to give prayerfully as much as you can, as your regular Sangam offerings in view of our commitment to give.

**Confirmation Service and Baptism:** On 30th of March, we are planning to arrange the Confirmation Service. One day retreat is arranged for the confirmation candidates. The date, venue and other details for retreat will be announced later. We are planning to arrange Baptism on Easter Sunday (20-04-2014). Kindly furnish details for Baptism in the prescribed form.

The Rev. Dr. L.E. Sahanam Achan, Smt. Siby Kochamma and their family are leaving us by the end of April on completion of their successful five years of Ministry in our Church as the District Chairman and Senior Pastor. As a family of Ministerial team, they were engaged in all the activities of Church in various ways. Sahanam Achan, as a presbyter is blessed with multi-lingual ability in leading all the services of our Church. He has strong dedication and systematic scheme of Pastoral visit, giving special attention to the members in need particularly who are sick, berieved and those who experience loneliness, extending prayerful support and counselling. Let us remember them in our continued prayers for their future ministry.

May the Good Shepherd provide our needs according to His choicest Blessings. With Easter greetings and prayers,

Yours in Christ,

**Vincent Achan**

## SECRETARY'S REPORT



Dear friends,

"Jesus Christ is risen from the dead". This is the central truth of Easter. Death and Resurrection of Jesus Christ are the very foundation of Christian faith. While the Jewish tradition had Saturday as the day of worship, Easter brought about a wholesome change and the first day of the week, the day of Resurrection became the day of worship for believers in Jesus Christ. The Resurrected Lord has proclaimed: " Where two or three come together in my name, there am I with them" (Matthew 18:20). Our Saviour has promised us: "Because I live, you also will live" (John 14:19). All those who confronted the resurrected Jesus were no more weak and lowly. They despised the things of world and became strong in the proclamation of His kingdom. Mary Magdalene to whom the Lord gave the first appearance rushed out to inform the disciples. Every Christian should become transformed by the power of resurrection. As followers of the risen Lord, we are called to be His witnesses (Acts 1:8) for Christ in the multi-religious and multi-cultural society of our great land. Have we taken this challenge with all seriousness?

On the 3rd of March, 2014 the documentation of the plot proposed for the Kothalam Mission Project was done pooling our available resources. Though we have to raise funds to tide over the current liabilities, construction of compound wall and fixing gates are immediate priorities. Do continue to support this cause so that we will be able to achieve our initiatives at Kothalam. For the first two weeks in April, we are hosting **Vacation Bible School** for our children in our campus. During the last week, **Children's Camp** is planned to be conducted at the Mar Thoma Study Centre, Mannanthala. **The Summer School of Church Music** will be held during the middle of the month.

**Permanent membership has been granted to the following families:**

(i) Mr. Rajkumar & family and Mrs. Kripa Jeyaraj (mother)-( T-499), Kuravankonam, Kowdiar, Trivandrum-695003

(ii) Mr. S. Mohan Raj & family, "Anugraha", TC-9/143, Jawahar Nagar, Kowdiar PO, Trivandrum-695003

Financial aid of Rs.5,000/- was granted to Mr. Selvarajan & wife who met with accidents: (fall from tree and road accident respectively).

Mr. Mathew E.A, a kidney transplantation patient , currently undergoing treatment in Medical College was granted Rs.3,000/- towards medical expenses.

A grant of Rs.1,000/- was accorded to CSI AVT Rajagiri, a Tamil Church which lay closed for the last 3 years and where the worship is revived on Sunday, 23rd March. The Holy week programmes are well set by the Gospel Band of our Church with Bro. Dr. Wilson as the main speaker from Maundy Thursday to Easter Sunday. While our Church is extending house building aid for our Church member Mr. Shine Mathew (F No.941), the CEYF is contemplating a Fancy Sale for their housing project and Y FF is considering a housing aid for Mrs. Metilda of our Church. CEYF will soon be purchasing a Tea/Coffee vending machine which will be in operation on all Sundays. They are arranging 100 angels Easter symphony on Holy Saturday and our Church Choir is conducting Easter Song Service on Easter Sunday. The Church in Rajasthan initiated by SCF is nearing roofing and Manikanteswaram City Mission Church building construction is in progress.

The Church committee has resolved to increase the charges for solemnization of Outside Marriage (Marriage of Non-members) to Rs.25,000/- to be revived after 6 months and also to account the same as follows: (Poor Marriage : Rs.10,000/-, Poor Help: Rs.10,000/- & Administration charges : Rs.5,000/-) . The Caution Deposit is increased to Rs.5,000/- and Security arrangements charge is increased to Rs.500/-.

To minimise the interference of photographers and to maintain solemnity, it has been decided that only 2 units comprising of 2 movie cameras and 2 still cameras will be allowed inside the Church during marriage services. In case of violation, Caution Deposit will not be refunded.

The **General Body** of our Church (Budget meeting) is scheduled on Sunday, 25th May, 2014. The Board/University examinations are not yet over and our children need our continuous prayers. May the Lord keep us in the centre of His will during this period of rededication, renewal and triumph.

Rev.Dr. L.E. Sahanam is leaving the services of our Church by the end of April 2014 having successfully completed five years of fruitful ministry in our Church both as Presbyter in charge and as Presbyter. A farewell meeting will be arranged during the course of the month. Let us continue to uphold dear Achan, Siby Kochamma and families of their children in our daily prayers.

Rev.Dr. K.K.Koshy, former Principal of KUT Seminary, Kannamoola was called to eternal rest on 12-03-2014 (through a road accident in Trivandrum). Do pray for the surviving family members.

Yours in our Resurrected Lord,

**Dr. Christenson E. Sarasam**
Church Secretary

# ഈസ്റ്റർ : ക്രിസ്തുവിലുള്ള പുതുജീവന്റെ ആഘോഷം

റവ. ജെ. വത്സലം

'ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.' (യോഹ.11:25, 26).

ക്രൈസ്തവ സഭകൾ ക്രിസ്തുവിന്റെ ഉയർപ്പിനെ ഏറ്റവും വലിയ ആഘോഷമായി ചിന്തിക്കുന്നു. ആനുകാലിക പ്രസക്തിയുള്ള ജന്മദിനാഘോഷങ്ങൾക്കും വിവാഹവാർഷികാഘോഷങ്ങൾക്കും ചരമദിനാഘോഷങ്ങൾക്കുമിടയിൽ ക്രിസ്തുവിന്റെ ഉയർപ്പിൻ ദിനാഘോഷങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. 50 ദിവസത്തെ നോമ്പും ഉപവാസവും ആത്മതപനവും നടത്തിയാണ് ഈ വിശുദ്ധദിവസം ആഘോഷിക്കാൻ ഒരുങ്ങുന്നത്. പ്രത്യാശയുടെ സന്ദേശമായിട്ടാണ് ലോകമെങ്ങുമുള്ള ക്രൈസ്തവർ ഈസ്റ്റർ ആഘോഷിക്കുന്നത്.

ദാരിദ്ര്യത്തിന്റെയും അവശതയുടെയും അടിച്ചമർത്തലിന്റെയും ഇരയായി കഷ്ടതയുടെ പാരമ്യത്തിൽ എത്തിനിൽക്കുന്ന മാനവസമൂഹത്തിന് പ്രത്യാശയുടെയും നവജീവിതത്തിന്റെയും ഉത്സവമാണ് യേശുക്രിസ്തുവിന്റെ ഉയർപ്പ് തിരുനാൾ. ആരംഭകാലഘട്ടത്തിൽ വിഗ്രഹാരാധികളായ ഒരു വിജാതീയ സമൂഹത്തിന്റെ മാത്രം ഉത്സവമായിരുന്നു ഈസ്റ്റർ എങ്കിൽ **ഇന്ന് ക്രൈസ്തവ വിശ്വാസത്തിന്റെ മൂലബിന്ദുവും അടിസ്ഥാന കല്ലുമാണ് ഈസ്റ്റർ.**

എ.ഡി. 325 -ന് മുമ്പ് വരെ ഈസ്റ്റർ ആഘോഷിച്ചുവന്നിരുന്നത് ഞായറാഴ്ച മാത്രമായിരുന്നില്ല. ആഴ്ചയിലെ ഏത് ദിവസവും ഈ ആഘോഷം കടന്നുവന്നു. ഈ ആഘോഷത്തിന്റെ തീയതിയെപ്പറ്റി ഒരേകീകൃത തീരുമാനം കൈവന്നത് കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുകൂട്ടിയ നിഖ്യ സുന്നഹദോസിലാണ്. മാർച്ച് 22-നും ഏപ്രിൽ 25-നും ഇടയിലുള്ള ഒരു ഞായറാഴ്ച ആയിരിക്കണം ഈസ്റ്റർ ആഘോഷിക്കേണ്ടതെന്ന് തീരുമാനിക്കുകയുണ്ടായി. വസന്തകാലത്ത് സൂര്യൻ ഭൂമദ്ധ്യരേഖയ്ക്ക് നേർക്കായി വന്ന് രാവും പകലും തുല്യദൈർഘ്യമുള്ളതായ മാർച്ച് 21 കഴിഞ്ഞ്‌വരുന്ന പൗർണ്ണമിക്ക് ശേഷമുള്ള ഞായറാഴ്ചയാണ് ഈസ്റ്റർ ആഘോഷിക്കേണ്ടത്. അതുകൊണ്ട് ഇന്ന് ലോകം മുഴുവനും ഈസ്റ്റർ കൊണ്ടാടുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

ക്രിസ്ത്യാനികൾ ഈസ്റ്റർ ആഘോഷിച്ച് തുടങ്ങിയത് മുതൽ ചില രാജ്യങ്ങളിൽ ഈസ്റ്റർ മുട്ടകൾ പരസ്പരം കൈമാറുന്ന ചടങ്ങ് നടത്താറുണ്ട്. മുട്ടയെ പുതുജന്മത്തിന്റെ പ്രതീകമാക്കിയാണ് അത് ചെയ്യുന്നത്. നവജീവന്റെ അച്ചാരമായി മാറുമ്പോഴാണ് ഈ ആഘോഷം അർത്ഥപൂർണ്ണമാകുന്നത്.

എന്തുകൊണ്ടാണ് ഈസ്റ്റർ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ദിവസമാകുന്നത്?

### 1. പുതുജീവൻ ലഭ്യമാകാൻ ഇതുകാരണമാകുന്നതിനാൽ

പ്രകൃതിയിൽത്തന്നെ നവചൈതന്യത്തിന്റെ തുടിപ്പ് പ്രകടമാകുന്ന കാലത്താണ് ഉയിർപ്പ് ആഘോഷിക്കപ്പെടുന്നത്. പലസ്തീൻ പ്രദേശത്ത് ശീതകാലത്ത് പ്രകൃതി മുഴുവൻ മരിച്ചുമരവിച്ച പ്രതീതി ഉളവാക്കാൻ തക്ക വണ്ണം ഒരു പച്ചില പോലും എങ്ങും കാൺമാനുണ്ടാകില്ല. എന്നാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വസന്തം വന്നെത്തുകയായി. അപ്പോൾ പ്രകൃതി മുഴുവൻ നവചൈതന്യതുടിപ്പ് പ്രകടമാണ്. താരും തളിരുമണിഞ്ഞ വൃക്ഷങ്ങൾ, പുഞ്ചിരി തൂകുന്ന പുതുപുഷ്പങ്ങൾ, വർണ്ണഭംഗിയുള്ള ചിത്ര ശലഭങ്ങൾ, നവചൈതന്യം പ്രഘോഷിക്കുന്ന കിളികളുടെ കളകൂജനങ്ങൾ! ഇങ്ങനെയുള്ള ഒരു കാലയളവിലാണ് ക്രിസ്തുവിന്റെ പുനരുത്ഥാനം സംഭ വിച്ചത്; മരണത്തെയും ജീർണ്ണതയെയും മായ്ച്ചു കൊണ്ട് പുതുജീവൻ പ്രത്യ ക്ഷപ്പെട്ടത്. **മനുഷ്യരാശിക്ക് ഒരു പുതുജീവന്റെ തുടക്കം കുറിക്കാൻ കാരണമായിട്ടാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ സഭ കാണുന്നത്.** ക്രിസ്തീയ സുവിശേഷത്തിന്റെ അടിസ്ഥാനവും ഇതാകുന്നുവല്ലോ! 'ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസം വ്യർത്ഥം' എന്ന പൗലോസ് അപ്പോസ്തലന്റെ വാക്കു കൾ ഇവിടെ ശ്രദ്ധേയമാണ്.

സഭയുടെ വിശ്വാസ അനുഭവത്തിൽ എല്ലാക്കാലത്തും ഏറ്റവും കൂടു തൽ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ദിനമാണ് ഈസ്റ്റർ. ഗ്രാമപ്രദേശങ്ങളിലെ സഭാവിശ്വാസികൾ അലങ്കരിച്ച വാഹന ങ്ങളിൽ ഉയർപ്പിന്റെ സന്തോഷം അർദ്ധരാത്രി മുതൽ തന്നെ ഉച്ചഭാഷിണിയി ലൂടെ വിളിച്ചറിയിച്ചു തുടങ്ങുന്നു. പാപ അന്ധകാരത്തിൽപ്പെട്ട് നരകയാ തന വിധിക്കപ്പെട്ടവന് യേശുവിന്റെ മരണ-പുനരുത്ഥാനത്തിലൂടെ ലഭിച്ച പുതുജീവന്റെ സന്തോഷമാണ് ഇതിന് പ്രേരിപ്പിക്കുന്നത്. കാണാതെ പോയ ആടിനെ ലഭിക്കുമ്പോൾ, നഷ്ടപ്പെട്ട ദ്രഹ്മ കണ്ടുകിട്ടുമ്പോൾ, നഷ്ടപ്പെട്ടു എന്നു കരുതിയ മകൻ തിരികെ എത്തുമ്പോൾ ആളുകളെ ക്ഷണിച്ചുവരുത്തി ആഘോഷിക്കുന്നത് കാണാം. അങ്ങനെയെങ്കിൽ പുതുജീവൻ ലഭിച്ച സംഭ വത്തെ ചെറുതായി കാണാനാകുമോ?

### 2. പുനരുത്ഥാന വിശ്വാസം വർത്തമാനകാല ജീവിതത്തിനു ശക്തി പകരുന്നതിനാൽ

ഉയിർത്ത ക്രിസ്തുവിന്റെ സാന്നിദ്ധ്യവും സഹായവും ഏതു സാഹച ര്യത്തിലും ഏതു നേരത്തിലും പ്രതീക്ഷിക്കാവുന്നതാണ്. ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ വാതിലുകൾ ബന്ധിച്ചിരിക്കുമ്പോൾ യേശു അവിടെ പ്രത്യക്ഷനാകുന്നു. പ്രാർത്ഥനയ്ക്കായി കൂടി വരുമ്പോൾ അവിടെ, അദ്ധ്വാനം പരാജയപ്പെട്ട് നിഷ്ഫലമായി നിൽക്കുമ്പോൾ, അവിടെ വഴി

യാത്ര ചെയ്യുമ്പോൾ കൂടെ യാത്ര ചെയ്യുന്നവനായും സംശയങ്ങളും സന്ദേഹങ്ങളും ഉയരുമ്പോൾ അവയ്ക്ക് പരിഹാരം വരുത്തുവാൻ അവിടെയും - അങ്ങനെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്ത ക്രിസ്തുവിന്റെ സാന്നിദ്ധ്യവും സഹായവും അനുഭവിക്കാൻ കഴിയുന്നു.

ഞാൻ വന്നത് നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനുമത്രേ എന്ന് യേശു പറയുകയുണ്ടായി. ജീവിതം എങ്ങനെ ആയിരിക്കണം എന്ന് പഠിപ്പിക്കാൻ, സന്തോഷവും സമാധാനവും സ്നേഹവും നൽകാൻ, ജീവിതം തകർച്ചയിൽ എത്തി നിൽക്കുമ്പോഴും, ഏകാന്തതയും ദു:ഖവും അനുഭവിക്കുമ്പോഴും ജീവിതയാത്രയിൽ വിജയകരമായി മുന്നേറാൻ യേശുവിന്റെ ഉയർപ്പിൻ ശക്തി സഹായകരമാകുന്നു.

എന്നാൽ മനുഷ്യനെ ഭയം കീഴ്പ്പെടുത്തുവാൻ ഇടയായാൽ സന്തോഷം നഷ്ടപ്പെടുന്നു. വിശ്വാസത്തിൽ ഉറച്ച് ഭയത്തെ നീക്കുന്നു എങ്കിൽ മാത്രം ജീവന്റെ സന്തോഷം വർത്തമാനകാലത്തിൽ തീക്ഷ്ണമാകും. ഉയിർത്ത കർത്താവ് ഭക്ഷണത്തിന് മുമ്പിൽ ഇരിക്കുന്ന 11 ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തെയും ഹൃദയകാഠിന്യത്തെയും ശാസിക്കയുണ്ടായി. എമ്മാവൂസിലേക്ക് പോകുന്ന ശിഷ്യരെ യേശു സംബോധന ചെയ്യുന്നത് തന്നെക്കുറിച്ച് പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ എന്നാണ്. പുനരുദ്ധാനത്തിന്റെ വിശ്വാസം സകലഭയത്തെയും അകറ്റുകയും അനുദിനജീവിതത്തിന് ശക്തിപകരുകയും ചെയ്യുന്നു.

### 3. പുനരുദ്ധാന വിശ്വാസം ഭാവിയെക്കുറിച്ചും ഉറപ്പും പ്രത്യാശയും കൈവരുത്തുന്നതിനാൽ

യുദ്ധത്തിൽ വെടിയേറ്റ് മരിച്ച ഒരു പടയാളിയെക്കുറിച്ച് വിവരിക്കുന്നത്: വെടിയേറ്റ മനുഷ്യൻ തികച്ചും അവശനായി അയാളുടെ ടെന്റിലേക്ക് ഇഴഞ്ഞെത്തി. പിന്നീട് അയാളെ കാണുമ്പോൾ മുഖം കമിഴ്ന്ന് കിടക്കുകയായിരുന്നു. സമീപത്ത് ഒരു തുറന്ന ബൈബിൾ വെച്ചിരുന്നു. അയാളുടെ രക്തം പുരണ്ട കരങ്ങൾ അതിന്റെ താളുകൾ മറിച്ചിരുന്നതായി മനസ്സിലാകും. ഒരു കരം ഇരുന്നത് രക്തം പുരണ്ട ഒരു പേജിലാണ്. ആ കരം ഉയർത്തിയപ്പോൾ അതിന് താഴെയുള്ള വരികൾ ഇങ്ങനെ വായിക്കാമായിരുന്നു - 'ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.' ഈ സംഭവത്തെക്കുറിച്ച് ഭക്തനായ ഡി.എൽ.മൂഡിയുടെ വെളിപ്പെടുത്തൽ: 'മരണത്തിൽപ്പോലും ആശ്വാസവും പ്രത്യാശയും നൽകാൻ കഴിയുന്ന ഒരു ആദ്ധ്യാത്മികതയാണ് എനിക്കാവശ്യം. അത് ആശ്വാസം നൽകുന്നു എന്ന് മാത്രമല്ല, എന്റെ പ്രിയപ്പെട്ടവരോട് ഒന്നിച്ച് ചേരാൻ കഴിയുമെന്ന പ്രത്യാ

ശയും നൽകുന്നു. പുനരുദ്ധാനത്തിന്റെ മഹത്വമേറിയ ഈ വിശ്വാസം ഇല്ലെങ്കിൽ എത്ര നിരാശയും അന്ധകാരവും അരാജകത്വവുമായിരിക്കും ജീവിതത്തിൽ വന്നുചേരുക.' മരണത്തിന്റെ ഭയവിഹ്വലതയെ അതിജീവിക്കാൻ സഹായിക്കുന്നത് പുനരുദ്ധാനവിശ്വാസമാണ്. മരണം വിട്ട് നിത്യജീവനിലേക്ക് പ്രവേശിക്കുമെന്ന് ഓരോ ക്രിസ്തുഭക്തനും വിശ്വസിക്കുന്നത് ക്രിസ്തുവിന്റെ പുനരുദ്ധാനസത്യം അംഗീകരിക്കുന്നതുകൊണ്ടാണ്.

മരിച്ചവരിൽ നിന്നുള്ള ആദ്യഫലമായി ക്രിസ്തുവിനെ വിശേഷിപ്പിച്ചിട്ടുണ്ട്. യഹൂദപാരമ്പര്യത്തിൽ ഉൽപ്പന്നങ്ങളുടെ ആദ്യഫലം ദേവാലയത്തിൽ ദൈവസമക്ഷം സമർപ്പിക്കപ്പെടും. അതോട് കൂടി ഉൽപ്പന്നങ്ങളെല്ലാം സമർപ്പിക്കപ്പെട്ടു എന്നതിന്റെ അടയാളവും സൂചനയുമാകുന്നു. അതുപോലെ മരിച്ചവരിൽ നിന്നും മഹത്വത്തോടെ രൂപാന്തരപ്പെട്ട് ആദ്യമായി ഉയിർത്തെഴുന്നേറ്റത് ക്രിസ്തുവാണ്. ആ സത്യം മറ്റെല്ലാ വിശ്വാസികൾക്കും പുനരുദ്ധാന യാഥാർത്ഥ്യം ഉറപ്പാക്കുന്നു. മൺമയമായ ശരീരം വിട്ട് ആത്മീയ ശരീരം ധരിച്ച് ക്രിസ്തുവിനോടൊത്ത് ദൈവരാജ്യത്തിൽ വസിക്കുന്ന ഭാവി പ്രത്യാശ വർത്തമാനകാലജീവിതത്തിന് ചൈതന്യം പകരുന്നു.

അങ്ങനെ പുതുയുഗപ്പിറവികുറിച്ചുകൊണ്ട് ഈസ്റ്റർ വന്നണയുമ്പോൾ വർത്തമാനകാലാനുഭവത്തിനും ഭാവി ജീവിതത്തിനും പ്രത്യാശ ഉണർത്തുന്ന സന്ദേശമാണ് ലഭിക്കുക. ഇതുതന്നെയാണ് ക്രിസ്തുയേശുവിലുള്ള പുതുജീവന്റെ സന്തോഷത്തിനും ആഘോഷത്തിനും കാരണമാവുക.



## പ്രതിവാര ധ്യാനം

**ഏപ്രിൽ, 2014**

ഏപ്രിൽ 6, 2014, വി.ബി.എസ് ഞായർ
**വിഷയം: ക്രൂശും പുന:സ്ഥാപിക്കുന്ന ക്രിസ്തുവും**
ഇയ്യോ.42:10-17, സങ്കീ.126, എഫെ.2:1-10, മർക്കൊ.10:46-52

ഏപ്രിൽ 13, 2014, ഓശാന ഞായർ
വിഷയം: **ക്രിസ്തു: സമാധാനത്തിന്റെ രാജാവ്**
സെഖ.9:1-12, സങ്കീ.24, എഫെ.2:11-22, മർക്കൊ.11:1-11

ഏപ്രിൽ 20, 2014, ഈസ്റ്റർ
വിഷയം: **ക്രിസ്തുവിലുള്ള ജീവന്റെ ആഘോഷം**
1 രാജാ.17:17-24, സങ്കീ.118:14-17, 1 കൊരി.15:42-58, ലൂക്കൊ.20:1-18

ഏപ്രിൽ 27, 2014, നാലാം ഞായർ
വിഷയം: **ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഏറ്റുപറയൽ**
പുറ.3:13-17, സങ്കീ.93, കൊലാ.1:15-23, യോഹ.20:24-29

# എങ്ങനെ ക്രിസ്തീയ ജീവിതം നയിക്കണം?
## ബില്ലിഗ്രഹാമിന്റെ 10 നിർദ്ദേശങ്ങൾ

1. **പ്രതിദിന ബൈബിൾ വായന:** കേവലം ആത്മസംതൃപ്തിക്കായി ഒരു അധ്യായം വായിക്കാതെ, വായിച്ച് ഹൃദയത്തിൽ സംഗ്രഹിക്കുക. ആ വചനം സംരക്ഷണവും ആലോചനയും തിരുത്തലുകളും ആത്മ ധൈര്യവും നൽകും.
2. **പ്രാർത്ഥനയുടെ രഹസ്യം പഠിക്കുക:** പ്രാർത്ഥന ഒരു ആശയവി നിമയ മാർഗ്ഗമാണ്. എല്ലാ പ്രാർത്ഥനകൾക്കും മറുപടിയുണ്ട്. ചില പ്പോൾ അതെ എന്നും ചിലപ്പോൾ അല്ല എന്നും ചിലപ്പോൾ ഏറെ ദി വസങ്ങൾക്ക് ശേഷവും.
3. **പരിശുദ്ധാത്മാവിന്റെ നിയോഗം പ്രാപിക്കുക:** പരിശുദ്ധാത്മാവ് നമുക്കായി പ്രാർത്ഥിക്കാം, നാം ബലഹീനരും അശക്തരും നിരാലം ബരുമായിത്തീരുമ്പോൾ പ്രാർത്ഥനയ്ക്കായി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും.
4. **സഭാരാധനയിൽ കൃത്യമായി പങ്കെടുക്കുക:** ഭൂമിയിലെ ദൈവ ത്തിന്റെ സമാഗമ സ്ഥലമാണ് സഭ. അവിടെ ഹാജരിടുവാൻ പോകു ന്നതിലുപരി വിശുദ്ധന്മാരുടെ സംഗമവേദിയാകേണ്ടതാണ്.
5. **ക്രിസ്തുവിന്റെ പ്രചാരകരാകുക:** ജീവിതം കൊണ്ടും വാക്ക് കൊണ്ടും നാം ലോകത്തിൽ ക്രിസ്തുവിന്റെ പ്രചാരകരാകുക.
6. **നാം നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുക:** സ്വയം ത്യജിച്ച് ക്രിസ്തു വിന്റെ ക്രൂശെടുത്ത് മറ്റുള്ളവരെ സ്നേഹിക്കുക.
7. **അനുസരണയുള്ള ക്രിസ്ത്യാനിയാകുക:** ജീവിതത്തിന്റെ സമസ്ത മേഖലകളിലും നാം ദൈവത്തിന് വിധേയരായി ജീവിക്കുക.
8. **പരീക്ഷകളെ അതിജീവിക്കുവാൻ പഠിക്കുക:** പരീക്ഷ ഒരു പാപ മല്ല, അതിനോട് സമരസപ്പെടുന്നതാണ് പാപം. അതുകൊണ്ട് ക്രിസ്തു വിനാലും പരിശുദ്ധാത്മാവിനാലും നാം പാപത്തെ ജയിക്കുക.
9. **നമ്മുടെ ജീവിതം പ്രചോദനമായിരിക്കട്ടെ:** നമ്മുടെ ജീവിതവും പ്രവൃത്തിയും മറ്റുള്ളവർക്ക് പ്രചോദനമായിരിക്കട്ടെ.
10. **സാഹചര്യങ്ങളെ അതിജീവിക്കുക:** ജീവിതത്തിന്റെ എല്ലാ അവ സ്ഥകളിലും പൊരുത്തപ്പെടാൻ ശ്രമിക്കുക.

*"The joyful news that He is risen does not change the contemporary world. Still before us lie work, discipline, sacrifice. But the fact of Easter gives us the spiritual power to do the work, accept the discipline, and make the sacrifice."*

*~ Henry Knox Sherrill*

# അത്യുന്നതങ്ങളിൽ ഓശാന...

(ഒരു കുരുത്തോല ഞായർ ഗാനം)

രചന, സംഗീതം: **വിൻസ്റ്റൺ ഐ. പോൾ**

ഓശാന... ഓശാന... ഓശാന... ഓശാന
ഓശാന... ഓശാന... ഓശാന... ഓശാന

ദാവീദിൻ പുത്രനു ഓശാന
രാജാധിരാജന് ഓശാന
കർത്താവിൻ നാമത്തിൽ വരുന്നവന്
അത്യുന്നതങ്ങളിൽ ഓശാന - ഓശാന

1. പൂവുകൾ വിതറി പൂമെത്ത വിരിക്കാം
പാത ഒരുക്കീടാം മോടിയോടെ
അ... അ.... അ - പൂവുകൾ
ശാലേമിൻ അധിപന് ഓശാന പാടാം
ശ്രേഷ്ഠതയോടെ നാം സ്വീകരിക്കാം
- ശാലേമിൻ - ഓശാന

2. ഉന്നതെ മഹത്വം സ്വർഗ്ഗേ സമാധാനം
ഉച്ചത്തിൽ പാടിടാം വരവേൽക്കാം
അ... അ.... അ - ഉന്നതേ
മിണ്ടാതിരുന്നാലീ കല്ലുകൾ ആർക്കും
മശിഹാ കർത്താവ് ചൊന്നതോർക്കാം
- മിണ്ടാതെ - ഓശാന

---

# The Crucifixion of Jesus

**Dr. Florence Isaac**

Jesus Christ our Saviour and Redeemer had a gruesome death on the cross to save us from eternal damnation. The cross was the most horrifying instrument of torture the world had even known. Jesus was nailed to the cross for six full hours, with a crown of thorns on the head and His hands and feet pierced through with nails. Some of the soldiers spat on him and some struck Him with the palm of their hands. What Jesus went through at the cross is unthinkable, unimaginable and beyond human comprehension.

*Cont...13*

# ഗോൾഗോഥാ ക്രൂശതിൽ യാഗമായ

രചന, സംഗീതം: **റ്റി. ജയകുമാർ ആൽഫ്രഡ്**

1. ഗോൽഗോഥ ക്രൂശതിൽ യാഗമായ
എൻ യേശുമാത്രം ശരണം
തിരുരക്തത്താൽ എന്നെ വീണ്ടെടുത്ത
തിരുമാർവിൽ ഞാൻ ചാരിടുമേ

കോറസ്:

മറ്റാരും വേണ്ടാ മറ്റാരും വേണ്ടാ
നീയെന്റെ സങ്കേതമേ... (2)

2. മുൾക്കിരീടം ചൂടി രക്തം ചിന്തി
മാനുഷർക്കായ് പാടുകൾ ഏറ്റു
മർത്യപാപികളായോരെ വീണ്ടെടുപ്പാൻ
മനുഷ്യനായ് ഭൂവിൽ വന്നു - മറ്റാരും വേണ്ടാ

3. സാക്ഷാൽ രോഗങ്ങളെല്ലാം അവൻ വഹിച്ചു
വേ...ദനകളെല്ലാം ചുമന്നു
സമാധാനത്തിൻ ശിക്ഷ അവൻമേലായി
സൗഖ്യം നമുക്ക് വന്നിരിക്കുന്നു - മറ്റാരും വേണ്ടാ

4. ജീവിക്കുന്ന ക്രിസ്തുവെ ഘോഷിച്ചീടാം
ജീവൻ നിത്യമായ് പ്രാപിച്ചീടാം
ശുദ്ധിയുള്ള ജീവിതം നയിച്ചീടാം
ശുദ്ധാത്മാവേ സ്തുതിച്ചീടാം - മറ്റാരും വേണ്ടാ

---

He was wounded for our transgressions, He was bruised for our iniquities, the chastisement of our peace was upon Him and with His stripes we are healed (Isa. 53:5). There was no other way for sins penalty to be paid. In Him we have redemption through His blood. He has successfully and triumphantly completed the task of redemption.

The greatest news is that Christ is risen. Death is a defeated foe. Because Christ rose from the dead, we know there is life after death, and He is able to save those who come to God through Him, because He intercedes for them. Is our confidence in Jesus Christ the risen Lord? What a glorious hope we have because Jesus is alive.

What an awesome God we serve!

---

# READ DEAR, READ

Felix Joffrey V.

" I really had a lot of dreams when I was a kid and I think, a great deal of that grew out of the fact that I had a chance to read a lot", these words from Bill Gates, one of the techno-giants, tell us how reading influences a person. What Francis Bacon said seems to be true here, that " Reading maketh a full man". Reading, one of the four language skills, is defined by the Oxford Advanced Learners dictionary as - to look at and understand the meaning of written or printed words or symbols. But it is much more than that. It is something that enables a man to know and grow ,so that he can say 'No' to the undesirable things.

Reading enriches our mind, by being in company with mighty minds. Reading good books will entertain, instruct, and elevate. Here we may think: Are there good books and bad books?, the answer to which we can find in the words of John Milton: " A good book is the precious life-blood of a master -spirit, embalmed and treasured upon purpose for a life beyond", and the Italian proverb that says: " There is no worse robber than a bad book".

Reading is a bliss, that takes us away from the worries of our life. It is a sort of entertainment. As Montesquieu said " the love of reading enables a man to exchange the wearisome hours of life which come to everyone ,for hours of delight." Reading is an act that demands more. Once we start reading, we go on reading. It takes us through the world of delights, and takes us for a flight upon the wings of wisdom. So what Francis Bacon said, should be taken to consideration that " the crafty contemn it, the simple admire it; the wise use it."

Read and think on what we have read. Reading without thinking is like eating without appetite, which results in indigestion. Psalms 119:105 says" your word is a lamp to my feet and a light to my path." Yes what we read should lead us in times of trouble. When we think we hear in our inner ears. The importance of thinking on what we read is clearly stated at the beginning of The proverbs in The Holy Bible, that reads: " to know wisdom and instruction; to perceive the words of understanding; to receive the instruction of wisdom, justice , and judgment and equity."

Now , How a reader should be? . The great writer Coleridge has clearly mentioned it, to him " there are four kinds of readers, the first is like the hour-glass; and their reading being as the sand , it runs in and runs out, and leaves not a vestige behind. A second is like the sponge, which imbibes everything and returns it in nearly same state, only a little dirtier, a third is like a jelly-bag, allowing all that is pure to pass away, and retaining only the refuse and dregs. And the fourth is like the slaves in the diamond mines of Golconda, who casting aside all that is worthless, retain only pure gems". As a reader whom would you like to be? The first, the

# ബിബ്ലിയോ തെറാപ്പി

പുസ്തകവായനയിലൂടെ രോഗം മാറ്റുന്ന രീതിയാണ് ‘ബിബ്ലിയോ തെറാപ്പി’. മലയാളത്തിൽ വായന ചികിത്സ എന്ന് പറയാം. പല ശാരീരിക രോഗങ്ങളുടേയും അടിസ്ഥാനം മാനസികവും വൈകാരികവുമായ പ്രശ്നങ്ങളാണ്. ത്വക്ക് രോഗങ്ങൾ മുതൽ അർബുദം വരെ ഇങ്ങനെ ഉണ്ടാകാറുണ്ട്. പുസ്തകം വായിക്കുമ്പോൾ നാം എല്ലാം മറന്ന് അതിൽ ലയിച്ചിരിക്കുന്നു. മാനസിക പിരിമുറുക്കങ്ങളെ അകറ്റി മനസ്സിന് ഉണർവ്വുണ്ടാക്കാൻ ശ്രദ്ധയോടെയുള്ള വായനയ്ക്ക് കഴിയും.

രോഗകാരണം കണ്ടെത്തി രോഗിയുടെ മാനസികാവസ്ഥ പഠിച്ചതിന് ശേഷം അതിന് അനുയോജ്യമായ പുസ്തകം നൽകിക്കൊണ്ടാണ് ഈ ചികിത്സ തുടങ്ങുന്നത്. പുസ്തകം നിർദ്ദേശിക്കുമ്പോൾ രോഗികളുടെ അറിവിന്റെ നിലവാരമനുസരിച്ച് മാറ്റങ്ങൾ വരുത്തണം. അതുകൊണ്ട് തന്നെ ചികിത്സാഘട്ടത്തിൽ മന:ശ്ശാസ്ത്രജ്ഞനോടൊപ്പം വിദഗ്ധനായ ഒരു ലൈബ്രേറിയന്റെ സഹായവും ബിബ്ലിയോ തെറാപ്പിക്ക് ആവശ്യമാണ്. മാനസികാരോഗ്യം കുറഞ്ഞവരിൽ വായന ചികിത്സ വലിയ മാറ്റങ്ങൾ ഉണ്ടാക്കുമെന്ന് ഫ്രീറ്റ്സ്റെഡ് എന്ന മനശ്ശാസ്ത്രജ്ഞൻ കണ്ടെത്തിയിട്ടുണ്ട്.

നിങ്ങളെ മറ്റൊരു വ്യക്തിയാക്കി മാറ്റുവാൻ വായനാശീലം സഹായിക്കും. ദിവസം 15 മിനിറ്റ് വായനയ്ക്കായി മാറ്റിവെച്ചാൽ വർഷത്തിൽ 20 പുസ്തകങ്ങൾ വായിച്ച് തീർക്കുവാൻ കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്. വായന നമ്മുടെ ദിനചര്യയുടെ ഭാഗമാക്കാം. ആരോഗ്യമുള്ള സമൂഹത്തെ നമുക്ക് വാർത്തെടുക്കാം.

**– ആർ. സാജൻ സാംസൺ**

second, the third , or the fourth?

Today when we observe April 23 , the birth anniversary of William Shakespeare, as World Book Day every year, think how much serious we are in our reading? And how much we really love reading?. The twenty first century man, who is in a transitional time, that is ticking towards an era of brainy machines and brainless men , should take reading as a therapy ,that can bring 35% reduction in the risk of dementia and that can reduce stress levels by 68% and save the world from becoming a waste land of cyber scraps and a junkyard of values.

To conclude: teach our children to read because in Victor Hugo's words " to learn to read is to light a fire; every syllable spelled out is a spark", a spark that can light the lamps of hope. Take our children to the fresh smelling world of books and ask them, to take The Bible first, because as Locke said " The Bible is one of the greatest blessings bestowed by God on children of men.- It has God for its author; salvation for its end, and truth without any mixture for its matter.- It is all pure, all sincere; nothing too much; nothing wanting."

**Poem**

# I am...

## Juliet Josephus

'I am the Resurrection and the Life,'
These are the words of God the Son;
When on the Cross He died for our sins,
Resurrected He was on the third day,
Leaving behind an empty grave,
Up He rose bringing new life to me.

Jesus,only begotten Son of God,
Came to restore relationship,
The broken cord to connect again
Between God and His own human image;
He had to be born as human
To free man from the clutches of sin.

The sin carried from the time of your birth,
Whichever religion is yours,
God the Son had to take on,
The garb of humanity, to cancel the curse;
Dying in our place for our sin,
He ,once-for-all,erased all our sins.

His Resurrection brought new life to me,
For when on that morn He did rise,
A rebirth for me was on the card;
Death was conquered by Him, Hell defeated,
No more fear of Hell shall prevail,
Jesus triumphed over sin and Hell.

When to Jesus we come in repentance
With all our baggages of sin,
By faith we 're cleansed in body and soul;
Because of the finished work on the Cross,
Everlasting life is our gain,
Eternal life to be lived with God.

So as you come to the foot of the Cross,
Lay all your burdens at His Feet,
You have been washed with His sinless Blood,
The divine Blood of God shed on the Cross;
Only believe and come to Him
His resurrection pow'r brings new life.

"I am the Resurrection and the Life,'
Ye that believes in Him though dead,
Yet shall live as He does,though he dies:
Whosoever lives and believes in Christ,
Though He dies a physical death,
Yet He shall rise and live forever.

His Resurrection power that's in me,
Came to me along with new birth,
When Holy Spirit comes to reside;
That power will proclaim to all mankind
The good news of the gift of life:
As He is, so are we, here on earth.

This sin that we bear can spell doom to one
Who know not Jesus nor love Him;
He is the Way,the Truth and the Life
No other way is there for you to take
Except through Jesus Christ our Lord
Who has opened the door to Heaven.

So heed now these words and follow the Lord,
There's but one way to Heav'n and God;
All other ways that you might follow
Shall lead to destruction and 'ternal Hell:
Broad is the path that leads to death,
Narrow the pathway to reach Our God.

*"Remembering that Jesus died for us*
*Reminds us to live for Him "*

# God is Light

**L. Baby**
(Kanakanagar)

Everybody is trying to find out, what is God or who is God. Even atheists, who say that there is no God, seek to find out "who is God ". The Holy Bible, clearly says, what is God. It clearly says that God is light. For more than 25 times in the Bible it is stated that God is light. When God appeared before Moses in the mountain of Ho'reb, He appeared as light saying "Yes here I am". Moses could not see God, but he could see only the burning of the bushes. Now let us look what is light and what is the significance of light.

Those who studied physics, know very well that light is INVISIBLE. It is simple science, but people cannot digest or accept it. We can see objects, only with the help of light. When light gets reflected from an object we see the object and we understand what is that object. With more light we see the object more clearly. In the human body also God gifted us different sensations: Sound - we can hear with the help of ears directly. Here also we are restricted to hear only a restricted range of sound waves and beyond that it is inaudible. Taste - we can directly sense by tongue. Smell - we can directly sense by nose. By touching an object we can sense directly the presence of an object. But light alone we cannot sense or see. We can see objects with the help of light and by seeing the objects, we can realise the presence and gravity of light.

When the Bible says that God is light, it clearly implies that God is invisible or rather we cannot directly experience God. In the universe when we experience or rather see the creations and the way in which we are led in this world, we realise God. By knowing the Universe and its existence and realising the way in which we are governed in this world, no one can think about the nonexistence of God. This is why the Bible says that "only fools will say that there is no God" even though we are not directly seeing God.

For a better understanding of the light, the object on which it is reflected must give a good reflection. An object with good reflecting surface will reflect more light and we can see the object very well and we can understand the gravity of light also. If the source of light is weak the object cannot be seen clearly. So the vision of an object is dependent upon the source of light and also the reflecting property of the object. A good reflecting object, reflects light which fall upon other objects and those objects also can be seen. The moon is a typical example in the universe. The moon is not a source of light, but it reflects light from the sun to the earth and we see the earth. Unfortunately there are no perfect reflectors and so it cannot reflect the whole light.

Spiritually speaking we cannot see or understand God directly with our

knowledge. That is why the Bible says that "God is light". We can understand and know about God only through personalities and incidents through which God is reflected or revealed. As mentioned earlier there is no perfect reflector, there is no perfect personality in this world to reveal God. All are human made and nothing is perfect. Only a personality which is non-human and created by God can be perfect and reflect or reveal God fully in His true glory to the world. Jesus Christ is that personality, who is not made, but eternally begotten of God, Light from Light. Jesus Christ is the only one and so perfect, who can reflect or reveal God to His fullness and perfection to the humanity. By looking to Jesus Christ, we can see the true God and that is the only one way to see God. This is why Jesus said "I am the Light, I am the Way and I am the Truth".

We, the human beings are worldly made and cannot be perfect. We can be reflectors of God not to full level or perfection. We can polish our spiritual surface and make it more reflective, so that we can reflect more light from God to the world. Others will see and know God through us if we can reflect light, that is, God from us.

How can we become good reflectors? It is very simple. Jesus said "Love the Lord your God with all your heart, with all your soul and with all your mind". And also "Love your neighbour as you love yourself". "The whole law of Moses and the teachings of the prophets depend on these two commandments". If you earnestly try to follow this, then the Holy Spirit will dwell on you and the fruits of Holy Spirit, that is "love, joy, peace, patience, kindness, goodness, faithfulness, humility and self control" will be produced from you. By enjoying the fruits of Holy Spirit from you others will see God through you.

May God Almighty help us to be filled with the Holy Spirit and produce the fruits of the Holy Spirit so that He is glorified.

**വിശുദ്ധവാര ധ്യാനം**

| തീയതി | സമയം | പ്രസംഗകൻ |
|---|---|---|
| 14-04-2014, തിങ്കൾ | 6.15 PM | **റവ. ഡോ. ഡി. ബർണ്ണബാസ്** |
| 15-04-2014, ചൊവ്വ | 6.15 PM | **റവ. സി. ജയൻ** |
| 16-04-2014, ബുധൻ | 6.15 PM | **റവ. ഡോ. എൽ. ഇ. സഹനം** |
| 17-04-2014, വ്യാഴം മുതൽ 19-04-2014, ശനി വരെ | 6.00 PM | **ബ്രദർ. ഡോ. ജെ. വിൽസൺ** (ലൗ ആർമി ക്രൂസേഡ്) |
| 20-04-2014, ഞായർ | 6.30 PM | ഈസ്റ്റർ ഗാനശുശ്രൂഷ<br>അവതരണം: **എം.എം.ചർച്ച് ക്വയർ** |

***- ഗോസ്പൽ ബാന്റ് & ചർച്ച് കമ്മിറ്റി***

# A n g e l s

Bejoy Peter

Angels are created heavenly beings who stand in the presence of a holy God. They are powerful creatures with great might and wisdom. Day and night they worship God singing praises to the splendour of his holiness.

There are different ranks of angels. Some of them are "messengers" (for that is what the word angel means); others act as agents of judgement. Though extremely powerful they do not act according to their wish or fancy, but they stand ready to do God's will at all times. They are a vast army without number which we humans cannot comprehend or count.

The one qualifying mark of an angel is, to quote the words of Angel Gabriel, "I stand in the presence of God." Angels therefore remind us of the fact that the earth and its inhabitants are under God's constant watch and care since angels who stand in the presence of God are sent to earth.

Angels, though messengers, never forget their primary calling.Their primary calling is to worship God.Therefore they do not accept worship from men but encourage people to worship God. When Jesus was born, angels not only announced the message of his birth to shepherds; they not only sang "Glory to God in the Highest," but also all angels worshipped him!

Angels also have a protective role. Though they seldom make themselves visible to God's children, they have often intervened to protect them and deliver them in spectacular and less marvellous ways. Jesus even said that the (guardian) angels of children in heaven always see the face of his Father in heaven. Angels are immortal. They do not die. Likewise believers will be resurrected at the last day and will die no more. Then they would be like the angels.

Angels do have a ministry of encouragement as they are often sent to refresh the weary traveller and the discouraged man. They also strengthen the resolve of those who resist temptation to do evil.The Bible records that "angels are ministering spirits" who are sent to serve those who trust God.

The first Christmas was punctuated by angelic activity to let us know that the birth of Jesus Christ was no accident. Instead it was planned in heaven and executed on earth. In that sense the birth of Jesus was a fulfilment of the dream Jacob had where he saw a ladder (a stairway) resting on earth and its top touching heaven. The ladder was symbolic of Jesus, and angels were ascending and descending on it. And he is the bridge between man and God.

Someday the world will see the great and vast army of angels. That will happen when Jesus Christ comes again to this earth "on the clouds of the sky, with power and great glory." Then all angels will accompany him!

# വേനൽക്കാലം: ചില മുൻകരുതലുകൾ

**ഡോ. ജോബ് തോമസ്**
**ഫോൺ: 9995401329**

വേനൽക്കാലം അസഹ്യമായ ചൂടിന്റെ മാത്രമല്ല രോഗങ്ങളുടെ കാലം കൂടിയാണ്. കരുതലോടെ ജീവിച്ചാൽ വേനൽക്കാല രോഗങ്ങളെ ചെറുത്ത് തോൽപ്പിക്കാവുന്നതേയുള്ളൂ. അമിതമായ ചൂടിൽ നിന്ന് ശരീരത്തെ സംരക്ഷിക്കുന്നതോടൊപ്പം ശരീരത്തിന്റെ നൈസർഗ്ഗിക ബലം കാത്തുസൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇവിടെയാണ് ആയുർവ്വേദത്തിന്റെ പ്രസക്തി.

ദൈർഘ്യമുള്ള പകലുകൾ വേനൽക്കാലത്തിന്റെ പ്രത്യേകതയാണ്. അന്തരീക്ഷത്തിലെ ചൂട് ജലാംശത്തെ വലിച്ചെടുത്ത് ശരീരത്തെ ക്ഷീണിപ്പിക്കുന്നു. ഇവയെല്ലാം ശരീരത്തിന്റെ ആരോഗ്യത്തെ മാത്രമല്ല മനസ്സിന്റെ ഉത്സാഹത്തെയും ഇല്ലാതാക്കുന്നു. വേനലിലെ അമിത ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ മുൻകരുതലുകൾ ആയുർവ്വേദം ഉപദേശിക്കുന്നു.

ഈ കാലാവസ്ഥയ്ക്ക് ചേരുന്ന ഭക്ഷണക്രമം ശ്രദ്ധിക്കുക. ജലാംശം ധാരാളം ഉള്ളതും ദഹിക്കാൻ എളുപ്പമുള്ളതുമായ ഭക്ഷണരീതിയാണ് വേണ്ടത്. വിശപ്പില്ലായ്മ ചൂടുകാലത്ത് അനുഭവപ്പെടുന്ന മറ്റൊരു പ്രത്യേകതയാണ്. ഭക്ഷണം പാകം ചെയ്യുമ്പോൾ എരിവ്, പുളി, ഉപ്പ് എന്നീ രസങ്ങൾ ഒട്ടും അധികമാകാതെ ശ്രദ്ധിക്കണം. ഈ മൂന്ന് രസങ്ങൾ അടങ്ങിയിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളും ഫലങ്ങളും കാലാവസ്ഥയ്ക്ക് യോജിച്ചതല്ല എന്നർത്ഥം. എന്നാൽ മധുരപലഹാരങ്ങളും, നല്ലയിനം പഴുത്തപഴവും, ഫലങ്ങളും ധാരാളം കഴിക്കുന്നത് നല്ലതാണ്. നെയ്യോ, എണ്ണയോ ചേർത്ത് സ്നിഗ്ധമാക്കിയ വിഭവങ്ങൾ ദിവസവും ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.

പ്രാതലിന് ആവിയിൽ പുഴുങ്ങിയ ഇഡ്ഡലിയോ, ഇഡിയപ്പമോ, പുട്ടോ നല്ലതാണ്. നല്ലതുപോലെ വിളഞ്ഞുപഴുത്ത ഏത്തപ്പഴവും പ്രാതലിന് ആകാം. അതിന്റെ ഉള്ളിലെ നാരുകൾ നീക്കിയാൽ ദഹനം എളുപ്പമാകും. ഓറഞ്ച്, മുന്തിരി, ഈന്തപ്പഴം തുടങ്ങിയ ഫലവർഗ്ഗങ്ങളും കഴിക്കുന്നത് നല്ലതാണ്.

മലയാളിക്ക് അരിയാഹാരമാണല്ലോ പഥ്യം. ഉച്ചഭക്ഷണം ചോറ് മതി. തവിട് കഴുകികളഞ്ഞ അരിയുടെ ചോറ്. അളവ് മിതമായിരിക്കണം. ചോറിനോടൊപ്പം അവിയലും ആവിയിൽ പുഴുങ്ങിയ പച്ചക്കറികളും നല്ലതാണ്. പാവയ്ക്ക, പടവലങ്ങ, വഴുതനങ്ങ, വെണ്ടക്ക തുടങ്ങി പച്ചക്കറികൾ ധാരാളം ഉപയോഗിക്കുന്നതിൽ തെറ്റില്ല. തൈര് കടഞ്ഞ് നെയ്യ് മാറ്റി വെള്ളം ചേർത്ത് നേർപ്പിച്ച മോരും സംഭാരവും ഉച്ചയൂണിനോടൊപ്പം ഉണ്ടാവണം. തൈര് ചൂടായാൽ വിഷസ്വഭാവമുള്ളതായിത്തീരും. ഈ കാരണത്താൽ വേനൽക്കാലത്ത് തൈര് ഒഴിവാക്കണം. മാംസം ശീലമാക്കിയവർക്ക് ആട്ടിൻ മാംസമാണ് നല്ലത്. മസാലയുടെ അളവ് വളരെക്കുറച്ചു മാത്രമേ പാടുള്ളൂ, കാരണം

വേനൽക്കാലത്ത് എരിവ് രസത്തിന്റെ അമിത ഉപയോഗം ശരീരത്തിന് കൂടുതൽ ക്ഷീണം ഉണ്ടാക്കും.

ചൂട് കാരണം ദാഹം അധികരിക്കും. അതിനാൽ ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധ വേണം. കോളറ, മഞ്ഞപ്പിത്തം തുടങ്ങിയ പല സാംക്രമിക രോഗങ്ങളും പകരുന്നത് ജലത്തിലൂടെയാണല്ലോ. അതിനാൽ എപ്പോഴും തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതാണ് ഉത്തമം. നറുനണ്ടിക്കിഴങ്ങ്, കൊത്തമല്ലി, രാമച്ചം തുടങ്ങിയ ഔഷധങ്ങളിട്ട് തിളപ്പിച്ച വെള്ളം നല്ലതാണ്. ഇവ ശീതവീര്യമുള്ള ഔഷധങ്ങളാകയാൽ ഉഷ്ണം മൂലമുണ്ടാകുന്ന പല ആരോഗ്യപ്രശ്നങ്ങളും ഒഴിവാക്കാൻ ഒരുപരിധി വരെ സഹായിക്കും. കരിക്കിൻ വെള്ളം ആരോഗ്യത്തെ മെച്ചപ്പെടുത്തുന്ന പല ഘടകങ്ങളും അടങ്ങിയിരിക്കുന്ന പ്രകൃതിദത്തമായി ദാഹശമിനിയാണ്. ചായയും കാപ്പിയും ദിവസത്തിൽ രണ്ടുപ്രാവശ്യത്തിൽക്കൂടുതൽ ഉപയോഗിക്കാൻ പാടില്ല. ശീതീകരിച്ചതും കൃത്രിമനിറം ചേർത്തതുമായ പാനീയങ്ങൾ നന്നല്ല. ശരീരോരാഷ്മാവിനേക്കാളും താണ താപനിലയുള്ള പാനീയങ്ങൾ ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി കുറയ്ക്കാൻ കാരണമാകും. അവ ഒഴിവാക്കുക തന്നെ വേണം.

വേനൽക്കാലത്ത് ധാരാളം സഞ്ചരിക്കേണ്ടിവരുമ്പോൾ ദാഹശമനത്തിന് ശുദ്ധജലം കരുതണം. പാനീയങ്ങൾ ഒറ്റപ്രാവശ്യം വലിയ അളവിൽ കുടിക്കുന്നതിനേക്കാൾ പലവട്ടം ആവശ്യത്തിനനുസരിച്ച് കുടിക്കുന്നതാണ് നല്ലത്. വൃക്കരോഗികൾ ഡോക്ടർമാരുടെ നിർദ്ദേശാനുസരണം വെള്ളത്തിന്റെ അളവ് ക്രമപ്പെടുത്തേണ്ടതാണ്.

കുളി ആരോഗ്യത്തിന് നല്ലതാണ്. അത് വിശപ്പുണ്ടാക്കും. കൂടാതെ മനസ്സിന് ഉന്മേഷവും നൽകും. വേനൽക്കാലത്ത് രണ്ട് നേരമെങ്കിലും കുളിക്കണം. വീര്യമുള്ള സോപ്പുകൾ ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടത്. ഉച്ചയ്ക്ക് അര മണിക്കൂറെങ്കിലും ഉറങ്ങുന്നത് വേനൽക്കാലത്ത് നല്ലതാണ്. നട്ടെല്ലിന് വിശ്രമം ലഭിക്കാൻ ഇത് ഉപകരിക്കും.

കഴിവതും വേനലിന്റെ ചൂട് ശരീരത്തിൽ നേരിട്ട് ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെയുള്ള വെയിൽ ശരീരത്തെ തളർത്തും. കുട ചൂടി വെയിലിനെ പ്രതിരോധിക്കാം. പാദപരിരക്ഷയ്ക്കായി കാലിനിണങ്ങിയ പാദരക്ഷകൾ ധരിക്കേണ്ടതാണ്. കൂടുതൽ നടക്കേണ്ടവരുമ്പോൾ കാൽപ്പാദം പൊട്ടാതിരിക്കാനും ഇത് സഹായിക്കും. അമിതമായ ചൂട് കാൽപ്പാദങ്ങൾക്കേൽക്കുന്നത് കാഴ്ചശക്തിക്ക് ദോഷം ചെയ്യും. പ്രമേഹ രോഗമുള്ളവർ പാദരക്ഷകളുപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മൃദുവായ പ്രതലമുള്ള പാദരക്ഷയാണ് അവർക്കുത്തമം.

വേനൽക്കാലത്ത് സിന്തറ്റിക് വസ്ത്രങ്ങൾ ഉപയോഗിക്കരുത്. അയഞ്ഞ പരുത്തി വസ്ത്രങ്ങൾ വിയർപ്പു മൂലമുണ്ടാക്കുന്ന പല ത്വക്ക് രോഗങ്ങളും ഒഴിവാക്കാൻ സഹായിക്കും. പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ. അതുകൊണ്ട് തന്നെ പ്രകൃതിയിലെ മാറ്റങ്ങൾ മനുഷ്യരെയും സ്വാധീനിക്കുന്നുണ്ട്. കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ച് ജീവിതരീതി ചിട്ടപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ യുക്തിപൂർവ്വം പ്രയോജനപ്പെടുത്തണമെന്ന് മാത്രം.

*ലേഖകൻ: കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി തിരുവനന്തപുരം ശാഖാ ഫിസിഷ്യനാണ്.*

## ക്രൂശിതനാം യേശു നാഥാ - വിന്തെ കിറിസ്തേസു - എന്നമട്ട്

Lyrics - Dr Samson Nessiah

### പല്ലവി

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : m | - : f | s : - | l : s | d¹ : - | - : s | l : s | f : - |
| | ക്രൂ | - ശി | ത - | നാം | യേ - | - ശു | നാ - | ഥാ - |
| | : f | l : s | f : m | d : r | m : s | s : - | | |
| | ക്രൂ | - ശി | ലാ - | ണെ ൻ | മേ ൻ | മ - | | |
| | : s | l : s | f : m | d : r | m : r | d : - | | |
| | ക്രൂ | - ശി | ലാ - | ണെ ൻ | മേ ൻ | മ - | | |

### അനു പല്ലവി

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : d¹ | - : d¹ | r¹ : r¹ | - : d¹ | m¹:r¹ | d¹ : t | d¹ : - | - : - |
| | ഭൂ | - വിൽ | ത ങ്ങും | - വാ | ഴ് നാൾ | എ ല് | ലാം - | - - |
| | : t | - : d¹ | l : s | m - f | s :- | l : l | t : t | d¹ : - |
| | നാ | - വിൽ | തി - | ങ്ങും - | നിൻ - | സ്തുതി | മാ - | ത്രം - |

### ചരണങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : d¹ | d¹ : d¹ | d¹ : f | f : - | - : f | f : l | s : f | m : - |
| 1 | അ | ധി ക | ആ - | സ്തി - | - ഉ | യർ ന്ന | പ ത | വി - |
| 2 | ഭൃ | ത്യ ന്മാ | ർക്കാ - | യി - | - ക | ർത്താവാം | ക്രിസ്തേ | ശു - |
| 3 | കാൽ | ക രം | ര ണ് | ടും - | - വി | ലാ വും | ശി ര | സ്സും - |
| 4 | ഇ | ത്രമേൽ | ത്യാ - | ഗം - | - പാ | ർത്തി വ | നിൻ തി | രു - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : m | m : s | m : r | d : - | r : r | m : - | fe:fe | s : - |
| 1 | അ | ധി കാ | ര - | ങ്ങൾ - | ഏ റെ | യാ യ് | വ ന്നാ | ലും - |
| 2 | പാ | ർത്തലെ | വാ - | ർത്ത - | നേർത്ത | താം - | രു ധി | രം - |
| 3 | മേ | ലാ കെ | ര ക് | തം - | പാ പി | ക്കാ യ് | ഒ ലി | ച്ചു - |
| 4 | പു | ത്ര നാം | യേ - | ശു - | കാ ട്ടി | യ - | തോർത്തി | ന്നു - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : d¹ | t : d¹ | r¹ : - | r¹ : r¹ | - : d¹ | m¹: r¹ | d¹ : t | d : - |
| 1 | ശാ | ശ്വ ത | മാ - | കി ല്ല | - ഇ | ന്നു നാം | കാൺപ | തു - |
| 2 | ശു | ദ്ധി ചെ | യ്തീ - | ടും തൻ | - ഭ | ക്ത രാം | ജ ന | ത്തെ - |
| 3 | കാൽ | വ രി | മേ - | ടതി ൽ | - കാ | ണു ന്ന | തൻസ്നേ | ഹം - |
| 4 | ചാർ | ത്തി ടു | ന്നേൻ - | സ്തോത്രം | - നേ | ർന്നീ ടി | ന്നേൻ തീ | ർത്തും - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | : t | - : d¹ | l : s | m : f | s : s | l : - | t : t | d¹ : - |
| 1 | ക്രൂ | - ശി | നോ - | ളം - | സ്ഥായി | യായ് - | വ രി | ല്ല - |
| 2 | പ്രാ | - പ്ത | രാ - | ക്കി - | ചേർത്തി | ടും - | സ്വ ർഗ്ഗ | ത്തിൽ - |
| 3 | കാ | - ലേ | ന മ് | മേ - | കൈ ത | ന്നു - | കാ ത്തീ | ടും - |
| 4 | കർ | - ത്ത്യ | സേ - | വാ - | ചെ യ്തീ | ടാൻ - | ഞാൻ എ | ന്നെ - |

# രാജസ്ഥാൻ മിഷൻ ഞായർ
## (ഏപ്രിൽ 6, 2014)

ഇന്ത്യയിൽ ക്രൈസ്തവർ ഏറ്റവും കുറഞ്ഞ സംസ്ഥാനമായ രാജസ്ഥാനിൽ 2010 ഡിസംബർ മാസം മുതൽ നമ്മുടെ സഭയിലെ മുതിർന്ന പൗരന്മാരുടെ സംഘടനയായ സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പിന്റെ സ്പോൺസർഷിപ്പിൽ ഒരു മിഷണറി (ബെൻസിലാൽ മീന) മഹായിടവക ബോർഡ് ഫോർ മിഷന്റെ കീഴിൽ കുടുംബമായി സുവിശേഷ വേല ചെയ്ത് വരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹീതമായ ശുശ്രൂഷയിൽക്കൂടി സുവിശേഷം കേൾക്കയും രോഗസൗഖ്യങ്ങളും മറ്റ് അത്ഭുതങ്ങളും പ്രാപിച്ച അനേകം കുടുംബങ്ങളും യേശുവിൽ വിശ്വസിക്കുവാനും കർത്താവിനെ സ്വീകരിക്കുവാനും ഇടയായി.

ആദിവാസികളും ദരിദ്രരുമായ ജനങ്ങളെ ഒരുമിച്ച് കൂട്ടി ആരാധിക്കുവാനോ കൂട്ടായ്മ ആചരിക്കുവാനോ, പള്ളിയോ മറ്റ് സൗകര്യമോ അവിടെ ഇല്ല. അവരുടെ ആഗ്രഹപ്രകാരം മഹായിടവക വഴി എസ്.സി.എഫ് നൽകിയ 6,75,000 രൂപ ചെലവാക്കി അനുയോജ്യമായ ഒരു സ്ഥലം വാങ്ങി. 2013 ഏപ്രിൽ മാസം നമ്മുടെ ബിഷപ്പ് തിരുമേനിയും വിൻസെന്റ് അച്ചനും വാങ്ങിയ സ്ഥലം സന്ദർശിക്കുകയും ആലയം പണിയുവാൻ തറക്കല്ലിടുകയും ചെയ്തു.

ഇതുവരെ ലഭിച്ച സംഭാവന ചെലവാക്കി ഫൗണ്ടേഷൻ ബെയ്സ്മെന്റും പില്ലറുകളും പണിതീർത്തു. തുടർന്നുള്ള തട്ട് കോൺക്രീറ്റ്, ചുവരുകളുടെ പണി, വാതിൽ, ജനൽ, തുടങ്ങിയ പണികൾ ചെയ്ത് ആരാധനായോഗ്യമാക്കുവാൻ 6 ലക്ഷം രൂപ കൂടിയെങ്കിലും ഇനിയും ആവശ്യമായിരിക്കുന്നു. ഇപ്പോൾ ആലയം പണിയുവാൻ എല്ലാ സാഹചര്യങ്ങളും അനുകൂലമായതിനാൽ എത്രയും വേഗം പണി പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

എസ്.സി.എഫിന്റെ അഭ്യർത്ഥന പരിഗണിച്ച് 2014 ഏപ്രിൽ 6-ാം തീയതി **രാജസ്ഥാൻ മിഷൻ ദിനമായി** ആചരിക്കാൻ സഭാകമ്മിറ്റി അനുവാദം നൽകുകയുണ്ടായി. സഭാജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ച് പണി അതിവേഗം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഈ അവസരത്തിൽ എല്ലാ പ്രിയപ്പെട്ട സഭാജനങ്ങളും പ്രാർത്ഥനയോടെ നിങ്ങൾക്ക് ലഭിക്കുന്ന പ്രത്യേകം കവറിൽക്കൂടിയോ നേരിട്ടോ കഴിയുന്നത്ര സംഭാവന നൽകി പ്രസ്തുത സംരഭത്തെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രൊഫ. രാജപ്രസാദ്, ജനറൽ സെക്രട്ടറി, എസ്.സി.എഫ്**

The aim of this Bible Quiz is to promote reading of the Bible. This month's questions are selected from Acts of the Apostles (NIV) chapters 19 to 28. Acts was written by Luke who was addressed as 'the beloved physician' by Paul in his epistle to Colossians. These ten chapters describe the last days of Paul's ministry, his journey to Jerusalem, his arrest, the ensuing trials and journey to Rome. So kindly read through chapters 19 to 28 before attempting this quiz.

Each answer has to be accompanied with the relevant verse (reference). The answers can be written either in English or Malayalam and have to be submitted before 14th of every month either at the MM Church Office or can be emailed to churchvoice@gmail.com

1. Who had not even heard that there is a Holy Spirit?
2. At which place did Paul and his companions kneel on the beach to pray?
3. Paul was the citizen of which city?
4. Who did Paul call as whitewashed wall?
5. Which lawyer presented the case against Paul before Governor Felix?
6. "Your great learning is driving you insane." Who said to whom?
7. Who followed the advice of the pilot and owner of the ship instead of listening to Paul?
8. How long did Paul stay in his own rented house at Rome?
9. In which language did Paul speak to the crowd at Jerusalem?
10. Who was raised from the dead by Paul?

**Quiz Master: Ajith Sen**

---

## Correct answers to the quiz on Acts 10-18

1. Tarsus 11:25
2. Elymas (Bar-Jesus) 13:10
3. Dealer in purple cloth 16:14
4. Barnabas 14:12
5. Athens 17:23
6. Mark 15:39
7. Tentmaker 18:3
8. Paul 16:9
9. Perga in Pamphylia 13:13
10. Manaen 13:1

**List of people who had submitted the right answers along with the reference**

1. Vanaja Stalin
2. Annie Liz Manuel
3. Jolly Irene G.
4. Shireen Evangeline Ross
5. Preetha John
6. Ajay Solomon
7. Grace Ammal V.
8. Vathsala Lal
9. P. R. Prema Kumar
10. Mahil Ajith
11. E. H. Helen Saramma
12. Premila Janelet Sylam
13. Noel Edwin

# "ക്രിസ്തു വീണ്ടും ജീവിച്ചു"

**(Christ the Lord is Risen)**

(ക്രിസ്തീയ ആരാധനയ്ക്കുള്ള പാട്ടുകൾ. 376)

ഇംഗ്ലണ്ടിന്റെ 18-ാം നൂറ്റാണ്ടിലെ മുഖച്ഛായ മാറ്റി മറിച്ച രണ്ടു സഹോദരങ്ങളായിരുന്നു - ജോൺ വെസ്ലിയും ചാൾസ് വെസ്ലിയും. ഇവർ സാമുവൽ വെസ്ലി, സൂസന്നാ ദമ്പതിമാരുടെ 19 മക്കളുള്ള കുടുംബത്തിലെ അവസാനത്തെ രണ്ടു മക്കളായിരുന്നു. ലിങ്കൺഷയറിലെ എപ്‌വർത്തിൽ ജനിച്ച ഇവർ അവരുടെ ജീവിതകാലത്ത് ദേശവ്യാപകമായി നടന്ന ആത്മീയ ഉണർവിനായി കർത്താവ് എടുത്തുപയോഗിച്ച രണ്ടു പേരായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ഇംഗ്ലണ്ടിലെ സഭാ ജീവിതം അവഗണിക്കപ്പെട്ടതും ദുഷിച്ചതുമായി കാണപ്പെട്ടു. വൈദികർ ഭൗതിക ജീവിതത്തിനു വേണ്ടി നില കൊള്ളുന്നവരും സഭാരാധനകൾ കൂടെ കൂടെ ഉപേക്ഷിച്ച്, ഇടവക സന്ദർശനവും മിക്കവാറും അജ്ഞാതവുമായിത്തീർന്നു. എപ്‌വർത്തിൽ കാര്യങ്ങൾ വ്യത്യസ്തമായിരുന്നു. സാമുവൽ വെസ്ലി ദൈവ ശുശ്രൂഷ ശുഷ്കാന്തിയോടെ നടത്തി വന്നു. സൂസന്നാ വെസ്ലി മക്കളെ വൈദികാനുഗ്രഹങ്ങൾ ലഭ്യമാകത്തക്കവണ്ണം വളർത്തിയ ഭക്തയായ ഒരു മാതാവായിരുന്നു.

ചാൾസ് 8-ാം വയസ്സിൽ ലണ്ടനിലെ വെസ്റ്റ് മിൻസ്റ്റർ സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു. സ്കൂളിലെ ഒന്നാമനായി 10 വർഷങ്ങൾക്കു ശേഷം ഓക്സ്ഫോർഡിലെ ക്രൈസ്റ്റ് ചർച്ചിൽ വിദ്യാർത്ഥിയായി എം.എ 22-ാം വയസ്സിൽ ഉന്നത നിലയിൽ പാസ്സായി. ഓകസ്ഫോർഡിലെ ഒരു കോളേജ് ട്യൂട്ടറായി 6 വർഷം തുടർന്നു. പിന്നീട് സഹോദരൻ ജോണിനോടൊപ്പം വടക്കേ അമേരിക്കയിലെ ജോർജ്ജിയയിൽ എത്തി. അവിടുത്തെ അനുഭവങ്ങൾ ഇഷ്ടപ്പെടാത്തതിനാൽ തിരികെ ഇംഗ്ലണ്ടിൽ പോയി.

ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയതിനു ശേഷമാണ് തന്റെ ആത്മീയ ഉണർവും മാനസാന്തരവും ഉണ്ടായത്. ലണ്ടനിലെ ഒരു സ്നേഹിതന്റെ വീട്ടിൽ സുഖമില്ലാതെ കിടന്നപ്പോൾ, പീറ്റർ ബോഹ്ലർ എന്ന മൊറേവ്യൻ മിഷണറി സന്ദർശിക്കുന്നതിനിടയായി. അദ്ദേഹവുമായുള്ള സംവാദത്തിൽ വ്യക്തിപരമായ രക്ഷയുടെ ആവശ്യകത ഉണർന്നു. 1738 മേയ് 21 ന് ആ അനുഭവം ഉണ്ടായി. ചാൾസ് 'ഞാൻ വിശ്വസിക്കുന്നു. ഞാൻ വിശ്വസിക്കുന്നു' എന്ന് ഉച്ചത്തിൽ പറഞ്ഞു. അന്നേ ദിവസം 40-ാം സങ്കീർത്തനം അദ്ദേഹം പ്രാർത്ഥനയ്ക്കായി വായിച്ചു. 'അവൻ എന്റെ വായിൽ പുതിയൊരു പാട്ടു തന്നു; നമ്മുടെ ദൈവത്തിനു സ്തുതി തന്നെ' (സങ്കീ. 40:3). ഈ വചനം ഒരു പ്രവചനമായി. അടുത്ത 50 വർഷത്തിനിടയിൽ ചാൾസ് വെസ്ലി 6500 ലേറെ പുതിയ പാട്ടുകൾ രചിച്ചു.

1739-ൽ ലണ്ടനിലെ ഉപേക്ഷിക്കപ്പെട്ട ഒരു ലോഹ വാർപ്പശാല (Foundry) യായിരുന്നു വെസ്ലി സഹോദരങ്ങൾ ആരംഭിച്ച ആദ്യ ആരാധനാ കേന്ദ്രം. അതിന് 'ഫൌണ്ട്റിചാപ്പൽ' എന്ന പേരും നൽകി. ഇവിടെ നടന്ന ആദ്യ ആരാധനയ്ക്കായി ചാൾസ് എഴുതിയ ഗാനമാണ് 'ക്രിസ്തു വീണ്ടും ജീവിച്ചു' എന്നു തുടങ്ങുന്ന ഗാനം. 'ഈസ്റ്റർ ദിനത്തേയ്ക്കുള്ള ഗാനം' എന്ന തലക്കെട്ടിൽ ഫൌണ്ട്റി കളക്ഷൻ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ ഗാന പുസ്തകത്തിൽ ഈ ഗാനം ചേർക്കപ്പെട്ടിരിക്കുന്നു.

ഇന്ന് ഈ ഗാനം വിവിധ ഭാഷകളിൽ ലോകമെങ്ങും ഈസ്റ്റർ ദിനത്തിൽ പാടപ്പെടുന്നു. അതിമനോഹരമായ ഈണം ഈ ഗാനത്തിനു നൽകിയത് എച്ച്. കാരി (Carry) എന്ന സംഗീതജ്ഞനാണ്. 1708 – ൽ ലണ്ടനിലെ Lyra Davidica 'ലിറാ ഡേവിഡിക്ക' എന്ന പാട്ടു പുസ്തകത്തിലാണ് ആദ്യമായി ഈ ഗാനം പ്രസിദ്ധപ്പെടുത്തി കാണുന്നത്. ഓരോ വരിക്കും ഒടുവിൽ 'ഹാല്ലേലൂയാ' പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കരുതുന്നത്. പുരാതന ഗ്രീക്ക് ആരാധനാക്രമത്തിലുള്ളതാണ് 'ഹാല്ലേലൂയാ'. പ്രാചീന ക്രിസ്തീയ ആരാധന മുതൽക്കേ 'ഹാല്ലേലൂയാ' ഉപയോഗിച്ചു കാണുന്നു. അക്കാലത്ത് വിശ്വാസികൾ ദൈവത്തിനെ സ്തുതിക്കുന്ന 'ഹാല്ലേലൂയാ' ആരാധനാലയങ്ങളുടെ കൂരയെ പ്രകമ്പനം കൊള്ളിച്ചിരുതായി AD 410 കളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മലയാളത്തിലേക്ക് 'ക്രിസ്തു വീണ്ടും ജീവിച്ചു ഹാല്ലേലൂയാ' എന്നു തുടങ്ങി വിവർത്തനം ചെയ്തിരിക്കുന്നത് ഭക്തകവി മോശവത്സലം ശാസ്ത്രിയാരുടെ ചെറുമകനായ ജെ.ജോൺ ആണ്. ഇദ്ദേഹം അനേകം ഗാനങ്ങൾ വിവർത്തനം ചെയ്തും രചിച്ചും സ്വരസംവിധാനം നടത്തിയും ഒരു മികച്ച ഓർഗനിസ്റ്റുമായ സംഗീതജ്ഞനാണ്.

ചാൾസ് വെസ്ലി തന്റെ 80-ാം വയസ്സിൽ 1788 മാർച്ച് 29-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. ഇംഗ്ലണ്ടിൽ വെസ്റ്റ് മിൻസ്റ്റർ ആബിയിൽ വെസ്ലി സഹോദരന്മാരുടെ സ്മരണ പ്രതിഷ്ഠിച്ചിട്ടുണ്ട്. വെസ്ലിയുടെ ഗാനങ്ങൾ ദൈവത്തെ ദർശിച്ച ഒരു ജീവിതത്തിന്റെ നിർമ്മലമായ ഒരു ഹൃദയത്തെ പ്രദർശിപ്പിക്കുന്നു.

"Christ the Lord is risen today, Hallelujah."

ചില രാജ്യങ്ങളിൽ ഈസ്റ്റർ ദിവസം തമ്മിൽ കണ്ടു മുട്ടുമ്പോൾ അഭിവാദ്യം ചെയ്യുന്നതിപ്രകാരമാണ് "Christ is risen, Hallelujah" അഭിവാദ്യത്തിനു മറുപടിയായി പറയുന്നത് "Yes Indeed Christ is Risen, Hallelujah"

അതെ ആദിമ ക്രിസ്തു വർഷങ്ങളിൽ നാമും ജീവിച്ചിരുന്നെങ്കിൽ ഈസ്റ്റർ ഞായറാഴ്ച തീർച്ചയായും നാമും ഇപ്രകാരം ആശംസിക്കുമായിരുന്നു.

*'അവൻ ഇവിടെ ഇല്ല; ഉയിർത്തെഴുന്നേറ്റിരിക്കുന്നു." ലൂക്കൊ. 24:6.*

# THOUGHTS FOR HOLY WEEK

Manoj Ebenezer

**April 13, Palm Sunday (Matthew 21:1-11)**

Jesus himself gave specific instructions about what we call the Triumphal Entry (see v 1-3), and verse 5 says this deliberately fulfilled the prophecy in Zechariah 9:9 about Israel's king coming on a donkey. Bishop Stephen Neill points out that the horse was the steed of the warrior (Ex 15:2); the mule was the steed of kings (1 Kings 1:33-44); but the prophet on his rounds (Num 22:21-23) would ride on an ass. If we read the next verse in Zechariah (v.10), it says "...the battle bow will be broken. He will proclaim peace to the nations. His rule will extend from sea to sea and...to the ends of the earth." Two things are in focus, in contrast to King David's wars and his limited kingdom: 1. Jesus' kingdom is one of peace 2. It is a far wider kingdom than Israel, extending to the ends of the earth. No wonder Isaiah 9:6 calls him the Prince of Peace!

**April 14, Holy Monday (Matthew 21:12-22)**

Jesus' cleansing of the Temple at Jerusalem points to another prophesy, found in Zechariah 6:11-13. It tells of Joshua the high priest (Joshua is the Hebrew form of the name Jesus), who will also be crowned as a king (v. 11, 13), and who will build the temple (v.12). Jesus in his actions shows that he is not only the king who rode into Jerusalem on Sunday, but he is also the Lord God who pronounces the destruction of his own temple because of the utter iniquity of the priests and the people (Mark 13:1-2) so that he can build a new temple, which is his own body. The cursing of the fig-tree (Matt 21:18-21) is symbolic of the judgment of Israel as a nation for not recognising the Messiah (the fig-tree is an Old Testament image of Israel.)

**April 15, Holy Tuesday (Matthew 10:34-39)**

Jesus made a categorical statement in Mark 8:34 - "Whoever wants to be my disciple must deny themselves and take up their cross and follow me." We usually say, "This is my cross" when referring to a besetting problem or person, but Jesus meant it literally – the instrument of painful execution. "Jesus' listeners understood that he was calling them to die for him" (John MacArthur). If someone takes up their cross, it means that they are walking to their own place of execution. In other words, following Jesus means denying oneself, condemning oneself, losing oneself. This is a tremendous requirement: on the cross I am not attractive, I am condemned to die, I am helpless...I can only trust in Jesus. "My hope is built on nothing less than Jesus' blood and righteousness."

**April 16, Holy Wednesday (John 12:1-11, 13:18-30)**

Jesus used the village of Bethany as his "camp" during his last week in Jerusalem, and there he was anointed with very costly perfume which most people could use only once in a lifetime - in burials. Judas pestered Mary about the "waste" (some suggest that he physically tried to pull her away), but Jesus' rebuke seems to have stung him. He did not care about Jesus being honoured by the woman – he was a money-minded man, and thought it all nonsense. There is more to Judas: just like Simon the Zealot, Judas may have been a Zealot before he became Jesus' disciple, i.e. he could be a member of the movement that sought to obtain political independence for Israel from the Roman rule by violence, and followed Jesus because he expected Jesus to be that kind of Messiah, who would deliver them. When it became clear in the last week that Jesus was not the kind of Messiah the people expected, the crowds of Palm Sunday turned into the mobs of Good Friday – and Judas, disillusioned, also deserted his Master, bargained with the priests about helping to capture him, and started looking for an occasion. The English call this day Spy Wednesday, referring to Judas spying on Jesus' movements.

**April 17, Maundy Thursday (Matthew 26:17-30)**

The most momentous day in Jewish history is celebrated every year as Passover: the day when the angel of death spared their houses because they killed a lamb and smeared its blood on door-posts as God told them. Because of this, the people of Israel were delivered from Egyptian bondage (Exodus 12). Passover was celebrated in the home, with the head of the house presiding, with the youngest seated next to him, with everyone reclining as a token of the freedom from slavery they enjoyed. Rabbis celebrated Passover with their disciples in the same way. Jesus on Thursday celebrated Passover with his disciples, giving his own meaning to the wine and bread which were part of the Passover celebration, making them represent his blood and his body (Matthew 26:26-28), as the Lamb of God offered to deliver us from bondage to sin and Satan. This is the Last Supper, the meal of the New Covenant (just as the Passover was the feast of the old Covenant with Moses). In the Old Testament, the picture of a banquet was used to portray the bountifulness of the coming Messiah's kingdom (Isaiah 25:6). Jesus tells us that the Lord's Supper is a foretaste of his future kingdom at his coming again (Matthew 26:29).

**April 18, Good Friday (John 19:16-30)**

"Have you not yet considered what a heavy weight sin is?" is the piercing question raised by Anselm of Canterbury (11th century). The cross confronts us with the awfulness of our sin, and how much it cost to rescue

us from it. The German pastor-theologian Helmut Thielicke writes, “On Good Friday, the wages of sin came into full view...and the wages of sin are death and suffering. We can only understand the mystery of death if we take seriously the human rebelling against God, so that we can see our mortal fate as the ‘wages of sin’.” The cross is also the solution to our plight, as Thielicke again writes: “God stands (or better, Jesus Christ hangs) at the point where judgement must fall upon me...He lets the father in him conquer the judge, and he takes our burden upon his own heart...Nothing more stands between God and me, because he has become my brother.”

**April 19, Holy Saturday (Matthew 27:57-66)**

Most people don’t know what to make of this day – Good Friday is over, but its not yet Easter Sunday. Jesus has been laid in the grave. All is quiet. Or is it? “He descended to the dead”, says the Apostles’ Creed: to the realm of the dead, which the Old Testament calls ‘Sheol’ and the New Testament calls ‘Hades’ (in Malayalam, *pathaalam*). It simply means the place where the spirit goes after the body dies. Actually Jesus went to those who were imprisoned in the darkness of death and announced his victory (1 Peter 3:18-20). He led them out in a triumphal procession, so that Death was emptied of its occupants. The English called this event the “harrowing of hell.” Death hold no terrors for us, because he has won the victory.

**April 20, Easter/Resurrection Sunday (Matthew 28:1-10)**

It is customary to keep Easter vigil on the eve of Easter, because Jesus rose from the grave early on Sunday, while it was still dark, and he has promised to come again like a thief in the night. On the first rays of dawn, believers greet each other with the shout “He is risen!” and the response “He is risen indeed!” and enter the Easter sunrise service. Bishop Lesslie Newbigin writes: “The resurrection is the revelation to chosen witnesses of the fact that Jesus who died on the cross is indeed King – conqueror of death and sin, Lord and Saviour of all. The resurrection is not the reversal of a defeat but the proclamation of a victory. The King reigns from the tree.” Its significance for us is that one day our bodies too will be resurrected by the same Lord, because in him death is dead.

**The Albert Joseph Memorial Summer School of Church Music** will be conducted by our Church Choir from 21st to 26th April 2014 and 1st to 7th May 2014. Venue: KJM Hall, Time: 9.15 am to 12.30 pm.

Persons above 8 years of age can attend the course. Last date of Registration: 19 - 04 - 2014. Course Fee: Rs 100.

*For details contact: Naveen Sam, Choir Secretary,* ***9847692484***

## 12th DEATH ANNIVERSARY

**25th April 2014**

*In Loving memory of*



**Prof. D. REKSHA DAS**

(Christian College, Kattakada)

***'Shine Villa', Pattom.***

***"Ever in our thoughts,***
***Though not in our midst"***

By

Mrs. Omana Reksha Das (wife),
Children & Family Members.

*Safe in the Arms of Jesus*

## 9th DEATH ANNIVERSARY

*In Loving memory of*



**S. Mokshakkan**

*Fondly remembered by*
*Wife,*
*Children and Family members.*

## IN EVER LOVING MEMORY OF

**43rd Anniversary**



**P. Sundaram**

(Former Deacon, M.M.Church)

called to eternal rest on :

27/09/1970

**50th Anniversary**



**Elsie Sundaram**

13/04/1964

**Safe in the Arms of Jesus**

*Inserted by:*

Grandson J. Jaya Raj & Family



എഡിറ്റോറിയൽ

# ഉയിർപ്പിന്റെ അനുഭവം



ഒരിക്കൽ ഒരു വഴിയാത്രക്കാരൻ തിരക്ക് കുറഞ്ഞ ഒരു തെരുവീഥിയിൽക്കൂടി നടന്നുപോവുകയായിരുന്നു. അപ്പോൾ ഒരു കടയിൽ ക്രൂശിതനായ ക്രിസ്തുവിന്റെ മനോഹരമായ ചിത്രം പ്രദർശിപ്പിച്ചിരിക്കുന്നത് കണ്ടു. മറ്റെല്ലാം മറന്ന് ആ മനോഹരദൃശ്യത്തിൽ അയാൾ മുഴുകി നിന്ന് പോയി. കാൽവരിയിലെ രംഗം സജീവമായി അയാളുടെ ഓർമ്മയിൽ തങ്ങിനിന്നു.

വഴിയാത്രക്കാരന് സമീപം ഒരു തെരുവ് ബാലൻ നിൽക്കുന്നുണ്ടായിരുന്നു. അവനും ആ ചിത്രത്തിൽത്തന്നെ കണ്ണുറപ്പിച്ച് നിന്നു. ആ ചിത്രം അവനെ വളരെ ആകർഷിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ അയാൾ അവനോട് ചോദിച്ചു, ‘മോനേ, ഈ ചിത്രത്തിന്റെ അർത്ഥമെന്താണ്?’ ആ ബാലൻ ഉത്സാഹത്തോടെ മറുപടി പറഞ്ഞു: ‘അയ്യോ, അങ്ങേയ്ക്കറിയത്തില്ലേ? ആ കിടക്കുന്നത് യേശുവാണ്. മറ്റ് അവിടെ നിൽക്കുന്നത് റോമാ പടയാളികളും. അവിടെ കരഞ്ഞ്കൊണ്ട് നിൽക്കുന്ന ആ സ്ത്രീ യേശുവിന്റെ അമ്മയാണ്. ആ ദ്രോഹികൾ അദ്ദേഹത്തെ കൊന്നു.’ ആ യാത്രക്കാരൻ അൽപ്പസമയം കൂടി ആ ചിത്രത്തിൽ നോക്കി നിന്നതിന് ശേഷം നിശ്ശബ്ദനായി നടന്നു നീങ്ങി.

ഏതാനും മിനിറ്റുകൾക്കുള്ളിൽ ആ തെരുവ് ബാലൻ വേഗത്തിൽ ഓടി വഴിയാത്രക്കാരനടുത്തെത്തി. ശ്വാസം വിടാതെ ആവേശത്തോടെ അവൻ പറഞ്ഞു: ‘സാർ, ഒരു കാര്യം അങ്ങയോട് പറയാൻ ഞാൻ മറന്നു പോയി; അദ്ദേഹം (യേശു) ഉയിർത്തെഴുന്നേറ്റു.’ ആർക്കും ആവേശം നൽകുന്നതും ആരെയും അറിയിക്കേണ്ടതുമായ ഒരു സന്ദേശമാണ് ആ ബാലൻ പറഞ്ഞത്.

ഉയിർപ്പിന്റെ അനുഭവം ക്രൂശീകരണ അനുഭവത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ക്രൂശീകരണം ഒരു പൊതുസംഭവമായിരുന്നു. അവിടെ വിശ്വാസികളും അവിശ്വാസികളും സന്നിഹിതരായിരുന്നുവെങ്കിൽ പുനരുദ്ധാനത്തെക്കുറിച്ച് അറിയുവാനും അനുഭവിക്കുവാനും കഴിഞ്ഞത് വിശ്വാസികൾക്ക് മാത്രമാണ്. മരണത്തിന്മേലുള്ള ദൈവത്തിന്റെ വിജയം വിശ്വാസത്തിലൂടെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ദൈവത്തോടുള്ള സ്നേഹത്തിലൂടെ മാത്രമേ അത് അനുഭവമാക്കാൻ കഴിയൂ.

മനുഷ്യബന്ധങ്ങളെ രൂപാന്തരപ്പെടുത്തുന്ന അനുഭവമാണ് ഉയിർപ്പ്. ദു:ഖം, നിരാശ, ഉത്ക്കണ്ഠ, ഭയം, വെറുപ്പ്, അപകർഷതാബോധം തുടങ്ങിയ ബന്ധനങ്ങളിൽ നിന്നും നാം മോചനം നേടണം. **ഉയിർപ്പിന്റെ ഫലങ്ങളാകുന്ന സമാധാനം, പ്രത്യാശ, ശാശ്വത സന്തോഷം, മരണത്തിന്മേലുള്ള ജയം, അസത്യത്തിന്മേലുള്ള വിജയം ഇതെല്ലാം നമ്മുടെ ജീവിതത്തിൽ അനുഭവിക്കണം.** ഈ അനുഭവം ജീവിത്തിൽ പ്രായോഗികമാക്കാം. 2014-ലെ ഈസ്റ്റർ ആഘോഷിക്കുവാൻ നാം ഒരുങ്ങുമ്പോൾ **'യേശുവിന്റെ ജീവിതം എന്നിൽ എന്ത് സ്വാധീനം ചെലുത്തി?'** എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുവാൻ സ്വയം ശ്രമിക്കാം.


**ആർ. സാജൻ സാംസൺ**

email: sajansamson@hotmail.com

എഡിറ്റർ


## Circle Prayer - April 2014

| | | | |
|---|---|---|---|
| 01-04-2014 | Vazhuthacaud Circle | T 406 | Shaji Martin, Womens College Lane |
| Tuesday | Thycaud Circle | 1448 | Dr. Justin Jose, Karamana |
| 04-04-2014 | Charachira | 1985 | Dr. Abraham Ashok, Charachira |
| Friday | LMS - Palayam | 652 | M. Stanly, Nandavanam |
| 08-04-2014 | Kowdiar | 168 | Christy Edwin, Keston Road |
| Tuesday | Statue | 1728 | Er. Benson N, Kodoor Lane |
| 22-04-2014 | Muttada | 1408 | Prathap Shah, Kesavadasapuram |
| Tuesday | Nanthancode | 1780 | Er. Joshi Das, Gnanabharanam Lane |
| 25-04-2014 | Charachira | 1049 | Mohan Sundar Raj, Mullasery Lane |
| Friday | Kowdiar | 738 | Grace Valsala Raj, Devaswam Board |

## EVENTS upto 16-03-2014

**We welcome these new families joined by Marriage**

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2074 | Albert Daniel Vinodh & Viji Vijayan | 24-02-2014 |

**We welcome these new families joined by TC**

| Sl.No | Family No | Members | Date of Join |
|---|---|---|---|
| 1 | 2073 | Mr.Babu C, Mrs.Baby Sheela B V, Mr.Sarath Babu, Mr.Saran Babu | 22-02-2014 |
| 2 | 2075 | Dr.Suresh Singh G, Mrs.Christal Telmin S, Mr.Boffin Suresh, Mr.Giffin Suresh | 05-03-2014 |

## Womens Fellowship







World Day of Prayer Service

### സംഘടനാ ഭാരവാഹികൾ

**ജൂനിയർ ക്രിസ്ത്യൻ ഫെല്ലോഷിപ്പ് :** ജൊസീനജോഷ് (സെക്രട്ടറി), റിയാ എസ്തർ, ജിതിയ ജി. ആൻസലം (ജോയിന്റ് സെക്രട്ടറിമാർ), മെർലിൻ. എസ് (അക്കൗണ്ടന്റ്), ബ്രിജീറ്റ ഡബ്ല്യു. എൽ, ക്രിസ്റ്റീന വി. ഡാനിയേൽ (പ്രെയർ സെക്രട്ടറിമാർ), ജസീക്ക സാറാ സുരേഷ്, ലെന എഡ്‌വിൻ, അനഘ വി. വിൽസ്, മേഘ. ജി, ടെസ്സ ആൻ ബിനു, മഹിമ വി.എസ് (കമ്മറ്റി അംഗങ്ങൾ).

**സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് :** വൈ. ക്രിസ്തുദാസ്, ഡോ. ഇ.ജോൺസൺ, ഫ്രീഡ ക്രിസ്റ്റഫർ, ഇ.എച്ച്. ഹെലൻ സാറാമ്മ, വിമല അലക്സ്, ശാന്ത ജഗദാസ്, എസ്.കെ.ഡെന്നിസൺ (എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ).




Grace Printers. 2540523